നം.കെ.എസ്.എ.പി.റ്റി.എ.പി6/1180/2017 തീയ്യതി: 28.10.2017

**<u>പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.11.2016 മുതൽ 22.08.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.**

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

## <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 23.08.2017 **മുതൽ** 31.08.2017 **വരെ** |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | **ശ്രീ.റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)**<br>**ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ**<br>**ശ്രീമതി. അശ്വതി വി. നായർ, ഓഡിറ്റർ** |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മോഹൻരാജ് ജേക്കബ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എം. സ്റ്റീഫൻ അസി.സെക്രട്ടറി-ഇൻ-ചാർജ്ജ് | 01.04.2016 മുതൽ 21.07.2016 വരെ |
| | ശ്രീ. റ്റിജി തോമസ് | 22.07.2016 മുതൽ 19.11.2016വരെ |
| | ശ്രീ.സി.എസ് നാസർ | 20.11.2016 മുതൽ 07.02.2017 വരെ |
| | ശ്രീമതി എം.എസ്. ശ്രീലത (അസി.സെക്രട്ടറി-ഇൻ-ചാർജ്ജ്) | 08.02.2017 മുതൽ 12.02.2017 വരെ |
| | ശ്രീ. സി.കെ.ജയൻ | 13.02.2017 മുതൽ 31.03.2017 വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17

4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016 -17 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 17.02.2016 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 29.02.2016 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | 17.03.2017 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്ന വരവ് തുകകളും യഥാർത്ഥത്തിലുള്ള വരവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 1300000 | 926511 | -373489 |
| തൊഴിൽനികുതി | 800000 | 596230 | -203770 |
| വാടക | 1050000 | 467076 | -582924 |
| ഡി ആന്റ് ഒ ലൈസൻസ് ഫീസ് | 50500 | 29700 | -20800 |
| പെർമിറ്റ് ഫീ | 200000 | 26289 | -173711 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 17494837 | 6339852 | -11154985 |
| വരവ് | 53812532 | 43630084 | -10182448 |
| ആകെ | 71307369 | 49969936 | -21337433 |
| ചെലവ് | 67624000 | 44089981 | -23534019 |
| നീക്കിയിരിപ്പ് | 3683369 | 5879955 | 2196586 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

- ആശ്രയ പദ്ധതി വിലയിരുത്തൽ നടത്തുന്നതിന് മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

- ആസ്തികളുടെ കണക്കെടുപ്പ് നടത്തി ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

- സ്യൂട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. തദ്ദേശ സ്ഥാപനത്തിന്റെ ഉപേക്ഷമൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016-ലെ സർക്കുലർ നം.1068103(3)ഡി.എ.2/2016 ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-3 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണാർത്ഥം ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണെന്ന് 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ നാളിതുവരെ ഇത്തരം ഒരു ദുരിതാശ്വാസനിധി രൂപീകൃതമായിട്ടില്ല.

ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. അപ്രകാരം ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം നടത്തി, അർഹരായവർക്ക് ധനസഹായം എത്തിക്കുന്നതിനു പഞ്ചായത്തുകമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# 1- 4 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 19.06.2017 |

# 1-5 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വസ്തു നികുതി സംബന്ധിച്ച് ഷെഡ്യൂൾ I-1 ൽ കാണിച്ചിരിക്കുന്ന ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിരിക്കുന്ന ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2014-15വർഷം നൽകിയ 4000രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ ടി തുക വാർഷിക ധനകാര്യ പത്രികയിൽ ഇല്ല.
3. സെക്രട്ടറിയുടെ പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടിൽ അവശേഷിക്കുന്ന ₹168795 നാളിതുവരെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ചിട്ടില്ല.
4. സാക്ഷരത അക്കൗണ്ടിൽ (4075) ധനകാര്യ പത്രിക പ്രകാരം വർഷാന്ത്യ നീക്കിയിരിപ്പ് തുക ₹1600ആണ് . എന്നാൽ പാസ്സ് ബുക്ക് പ്രകാരം ₹1810നീക്കിയിരിപ്പുണ്ട്.
5. ധനകാര്യ പത്രിക പ്രകാരം കോ ഓപ്പറേറ്റീവ് ബാങ്കിലെ ഇംപ്രസ്റ്റ് അക്കൗണ്ടിൽ (5394)വർഷാന്ത്യ നീക്കിയിരിപ്പ് തുക ₹10130ആണ് . എന്നാൽ പാസ്സ് ബുക്ക് പ്രകാരം ₹11461നീക്കിയിരിപ്പുണ്ട്.
6. എസ്.ബി.റ്റി. തനതുഫണ്ട് 2- എന്ന അക്കൗണ്ടിൽ ₹326010നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഈ അക്കൗണ്ട് ഇല്ല.
7. റ്റി.പി.എ 116-ാം നമ്പർ അക്കൗണ്ടിൽ ₹140586നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. ഈ അക്കൗണ്ട് നിലവിലില്ല.

# 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 6339852 |
| വരവ് | 43630084 |
| ആകെ | 49969936 |
| ചെലവ് | 44089981 |
| നീക്കിബാക്കി | 5879955 |

# 1-7 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിബാക്കി* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11855961 | 11855961 | 11817861 | 38100 |
| എസ്.സി.പി | 0 | 3606423 | 3606423 | 1942500 | 1663923 |
| റ്റി.എസ്.പി | 0 | 4718685 | 4718685 | 1217500 | 3501185 |
| സി.എഫ്. സി ഗ്രാന്റ് | 0 | 4921377 | 4921377 | 4550576 | 370801 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6283374 | 6283374 | 3873097 | 2410277 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3416982 | 3416982 | 2313059 | 1103923 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 21644168 | 21644168 | 1372856 | 20271312 |

# 1-8 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 141 | 92 | -- | 49 | 65.25 |

<u>**പദ്ധതി നിർവ്വഹണ വിവരങ്ങൾ**</u>

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 13 | 4275116 | 8 | 1812200 | 42.39 |
| സേവനം | 75 | 55393641 | 58 | 23930026 | 43.2 |
| പശ്ചാത്തലം | 53 | 11466962 | 26 | 5989822 | 52.24 |

# 1-9 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1778201 | 2146439 | 368238 | 20.71 |
| നികുതിയേതര വരവുകൾ | 249528 | 103670 | -145858 | -58.45 |
| മറ്റ് വരവുകൾ | 42255 | 83330 | 41075 | 97.21 |
| ആകെ | 2069984 | 2333439 | 263455 | 12.73 |

നികുതി വരുമാനത്തിൽ തൻവർഷം നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ നികുതിയേതര വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ കുടിശ്ശികയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2017 **12.15** PM ന് സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 25359 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18.06.2017 | 02/2017 & 03/2017 | 25.06.2017 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലായെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചു. | | |

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകാൻ സാധ്യത

നിലവിൽ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുക്കുന്ന സമയത്താണ് അവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇവരിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. ആയതിനാൽ ഈടാക്കിയ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തൻമൂലം വരുമാനത്തിൽ കുറവുണ്ടാകാനുള്ള സാധ്യതയുണ്ട്.നിലവിലുള്ള നിയമത്തിലും

ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല

തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോസ്റ്റ് ഓഫീസ്, നാറാണംമൂഴി | 2016-17 ഒന്നാം അർദ്ധവർഷം |
| വില്ലേജ് ഓഫീസ്, അത്തിക്കയം | 2016-17 ഒന്നാം അർദ്ധവർഷം |
| പ്രീ മെട്രിക്ക് ഹോസ്റ്റൽ, കടുമീൻചിറ | 2016-17 രണ്ടാം അർദ്ധവർഷം |
| ജി.എച്ച്.എസ്സ്.എസ്സ്. കടുമീൻചിറ (ഹയർ സെക്കന്ററി വിഭാഗം) | 2016-17 രണ്ടാം അർദ്ധവർഷം |
| സെന്റ് ജോസഫ് എച്ച്.എസ്സ്, നാറാണംമൂഴി | 2016-17 രണ്ടാം അർദ്ധവർഷം |
| കൊശമറ്റം ഫിനാൻസ്സ് പ്രൈ.ലിമിറ്റഡ് | 2016-17 രണ്ടാം അർദ്ധവർഷം |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. എല്ലാ സ്ഥാപനങ്ങളിൽ നിന്നും റിട്ടേണുകളുടെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-3 മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| സ്ഥാപനം | ലഭിച്ച അനുമതിയുടെ കാലാവധി |
|---|---|
| ട്രാവൻകൂർ ക്രംബ് ഇൻഡസ്ട്രീസ്സ്, തോമ്പിക്കണ്ടം.പി.ഒ. | 30.06.2016 |
| ഇമ്മാനുവൽ ഇൻഡേൻ സർവീസ്സ്, നാറാണംമൂഴി .പി.ഒ | 30.06.2016 |
| ഗ്രേയ്സ് ഡയഗ്നോസ്റ്റിക്ക് സെന്റർ,നാറാണംമൂഴി.പി.ഒ | 30.06.2016 |
| കൈരളി ലബോറട്ടറി,നാറാണംമൂഴി.പി.ഒ | അനുമതിപത്രം ഹാജരാക്കിയിട്ടില്ല. |

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് ആയത് ഹാജരാക്കിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

# 2-4 ഹൈക്കോടതി വിധിയുണ്ടായിട്ടും കടമുറികളുടെ

# വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓപ്പൺ സ്റ്റാളിലെ 1, 10 നമ്പർ കടമുറികൾ യഥാക്രമം ശ്രീ. റഷീദ്, ഒറ്റപ്ലാമൂട്ടിൽ, നാറാണംമൂഴി, ശ്രീ. അലിയാർ, ഓലിയ്ക്കൽ പതാലിൽ നാറാണംമൂഴി, എന്നിവർ വർഷങ്ങളായി കൈവശം വച്ചിരിക്കുകയാണ്. ഗ്രാമപ്പഞ്ചായത്ത് നിശ്ചയിച്ച വാടക സംബന്ധിച്ച് ടി വ്യക്തികൾ ബഹു.കേരള ഹൈക്കോടതിയിൽ കേസ് നല്കുകയും ഹൈക്കോടതി WP(C)1474/2011നമ്പറായി ഹർജി പരിഗണിച്ച് 25.01.2011-ൽ അന്തിമവിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ പരാതി തീർപ്പ് കൽപ്പിക്കണമെന്ന് മേൽ ഉത്തരവിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

18.01.201-ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി ഈ വിവരം ചർച്ച ചെയ്യുകയും 2014-15വരെയുള്ള കാലയളവിലേക്ക് 250രൂപ ക്രമത്തിലും 2014-15മുതലുള്ള കാലയളവിൽ 650രൂപ ക്രമത്തിലും പ്രതിമാസ വാടക നിശ്ചയിച്ച് ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യക്തികളിൽ നിന്നും വാടക ഈടാക്കാൻ നാളിതുവരെ യാതൊരു നടപടിയും സെക്രട്ടറി സ്വീകരിച്ചിട്ടില്ല. വാടകത്തുക കാലഹരണപ്പെട്ടുപോകുന്നപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ് എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് അധികൃതർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി.&ഒ. ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ കീഴിലുള്ള റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. ഇത്തരം സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-6 ഗ്രാമപഞ്ചായത്തിന്റെ ഉപേക്ഷമൂലം രണ്ട് അക്കൗണ്ടുകളിലെ തുക നഷ്ടമായി

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ എസ്.ബി.റ്റി. തനതു ഫണ്ട് 2 എന്ന അക്കൗണ്ടിൽ ₹326010 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. കൂടാതെ, റാന്നി സബ് ട്രഷറിയിലെ റ്റി.പി.എ. 116-ാം നമ്പർ അക്കൗണ്ടിൽ ₹140856 രൂപയും നീക്കിയിരിപ്പുണ്ട്. ഇത് സംബന്ധിച്ച പരിശോധനകൾക്കായി പ്രസ്തുത അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്/ സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് സെക്രട്ടറിക്ക് 26.08.2017-ൽ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. എന്നാൽ പാസ്സ്ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എസ്.ബി.റ്റി. തനതു ഫണ്ട് 2 എന്ന അക്കൗണ്ട് നിലവിലില്ല എന്ന് എസ്.ബി.ഐ. നാറാണംമൂഴി ബ്രാഞ്ച് മാനേജർ 30.08.2017-ൽ അറിയിച്ചിട്ടുണ്ട്. റ്റി.പി.എ. അക്കൗണ്ട് ട്രഷറിയിൽ നിലവിലുണ്ടോ എന്നതു സംബന്ധിച്ച് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇതിൽനിന്നും ടി അക്കൗണ്ടുകളിലുണ്ടായിരുന്ന തുകകൾ നഷ്ടമായി എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ഇതു സംബന്ധിച്ച് വിശദമായി അന്വേഷിച്ച് നിജസ്ഥിതി ലഭ്യമാക്കുന്നതിന് ഭരണവകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ

# KREWS-ന് 115855 രൂപ അധികം നൽകി; വാങ്ങിയ ലൈറ്റുകൾ സ്ഥാപിച്ചില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടുത്തി പ്രോജക്ട് നം.165 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 375000 രൂപയും, തനത് ഫണ്ടിൽനിന്നും 51650 രൂപയും ഉൾപ്പെടെ ആകെ 426650 രൂപ അടങ്കൽ വകയിരുത്തി തെരുവ് വിളക്കിന് സാധനങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ക്രൂസിൽനിന്നും (കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫയർ സൊസൈറ്റി) 161 LED ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ 426585 രൂപ ചെലവഴിച്ചു.

| ബിൽ/ചെക്ക് നം., തീ. | തുക |
|---|---|
| 36/16-17/30.03.17 | 375000 |
| 40278/31.03.17 | 51585 |
| ആകെ | 426585 |

**(പ്രോഫോർമ ഇൻവോയ്സ് പ്രകാരമാണ് ട്രഷറിയിൽനിന്നും തുക പിൻവലിച്ചത്)**

പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ കൂടാതെ ക്രൂസിൽനിന്നും നേരിട്ടാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. പത്തനംതിട്ട ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രൂസിൽനിന്നും തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സർക്കാർ അനുമതി ഇല്ലായിരുന്നു. 14.07.2014-ലെ സ.ഉ.(സാധാ.)നം.1807/2014/തസ്വഭവ., നമ്പർ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രൂസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽനിന്നും തെരുവ് വിളക്കുകൾ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. തുടർന്ന് 08.08.2014-ലെ സ.ഉ.(സാധാ.)നം.2059/2014/തസ്വഭവ. ഉത്തരവ് പ്രകാരം സർക്കാർ ഇത് പു:നപരിശോധിക്കുകയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ കെൽട്രോണിൽ നിന്നും മാത്രമേ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാവൂ എന്ന് നിഷ്കർഷിക്കുകയും ചെയ്തു. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള 6 വടക്കൻ ജില്ലകൾക്ക് മാത്രമേ ക്രൂസ് മുഖാന്തിരം തെരുവ് വിളക്കുകൾ വാങ്ങുന്നതിന് അനുമതിയുണ്ടായിരുന്നുള്ളൂ. സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് ക്രൂസിൽനിന്നും ഉപകരണങ്ങൾ നേരിട്ട് വാങ്ങിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/26.08.2017) ലഭിച്ച മറുപടിയിൽ ക്രൂസിൽനിന്നും ടെണ്ടർ കൂടാതെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടായിരുന്നു എന്ന് അധികൃതർ വിശദീകരിച്ചു. എന്നാൽ പ്രസ്തുത ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് 05.04.2017-ൽ മാത്രമാണ് (സ.ഉ.(സാധാ.)നം.1093/2017/തസ്വഭവ). 2017 ഏപ്രിൽ മാസം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017 മാർച്ച് മാസം വാങ്ങൽ നടത്തി എന്ന വിശദീകരണം അംഗീകരിക്കുന്നില്ല.

KREWS-ന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) പൂർണ്ണമായും സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങൾ നേരിട്ടുവാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. എന്നാൽ അമ്മിണി എനർജി സിസ്റ്റംസ് പ്രൈ.ലി., തിരുവനന്തപുരം എന്ന സ്ഥാപനം ഉൽപാദിപ്പിച്ച LED ലൈറ്റുകൾ വാങ്ങിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഈ ഇടപാടിൽ KGL ഇടനിലക്കാരായി വർത്തിക്കുക മാത്രമാണുണ്ടായിട്ടുള്ളത്. അമ്മിണി എനർജി സിസ്റ്റംസ് പഞ്ചായത്തിൽ നേരിട്ട് സപ്ലൈ ചെയ്ത സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

Invoice No.PPD-08737/20.04.17 (Ammini Energy Systems Pvt.Ltd.)

| | | | |
|---|---|---|---|
| Road Lighting Luminary (LED) LRL, 12AY2D, LED, 12W 230V, Auto Operation, Ammini M2 Case LRL-12AY2D, In SKD Condition | 161 | 1734.05 | 279182.05 |
| Excise Duty | | | 16750.92 |
| VAT | | | 14796.65 |
| Total | | | 310729.62 |
| Rounded | | | 310730.00 |

(KREWS, M/s.അമ്മിണി എനർജി സിസ്റ്റംസ് എന്നീ സ്ഥാപനങ്ങളുടെ ബില്ലുകളുടെ പകർപ്പ് അനുബന്ധമായി (5,6,7) ചേർത്തിട്ടുള്ളത് കാണുക)

മേൽ പറഞ്ഞ പ്രകാരം 161 LED യൂണിറ്റുകൾ വാങ്ങുന്നതിന് 310730 രൂപ ചെലവായ സ്ഥാനത്താണ് ക്രൂസിന് 426585 രൂപ നൽകിയിരിക്കുന്നത്. ഇൻവോയ്സ് പ്രകാരമുള്ള തുകയേക്കാൾ 115855 രൂപ അധികം നൽകി. സാധനങ്ങൾ വാങ്ങിയ ടാക്സ് ഇൻവോയ്സിന്റെ തീയതി 20.04.2017-ഉം, ആയത് ഗ്രാമപഞ്ചായത്തിൽ കൈപ്പറ്റിയിട്ടുള്ളത് 21.04.17-ലുമാണെന്ന് കണ്ടു. ഇതിൽനിന്നും മുൻകൂറായി തുക നൽകിയാണ് പർച്ചേസ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമായിരിക്കുകയാണ്. KREWS ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽനിന്നും മുൻകൂറായി തുക പിൻവലിച്ച് നൽകുകയാണുണ്ടായത്. KREWS-ന്റെ പ്രോഫോർമ ഇൻവോയ്സിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

Invoice No.150/16-17, dtd.28.03.17

| Sl. No. | Item | Rate of Tax | Unit Price | Qty. | Gross Value |
|---|---|---|---|---|---|
| 1 | 12w LED Street Light Automatic Operation | 5% | 2413.90/no. | 161 nos. | 388637.9 |
| | Installation Charge | | 100/no. | 161 nos. | 16100.00 |
| | Output KVAT 5% | | | | 19431.90 |
| | Service Tax 15% | | | | 2415.00 |
| | Round off | | | | 0.20 |
| | Total | | | | 426585 |

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം (സ.ഉ.(സാധാ)നം.3140/2015/തസ്വഭവ, തീ. 16.10.15) ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ തെരുവ് വിളക്കുകളുടെ വിതരണം, സ്ഥാപിക്കൽ, പരിപാലനം എന്നീ മൂന്ന് പ്രവൃത്തികളും ചെയ്യേണ്ടതാണ്. ഈ മൂന്ന് പ്രവൃത്തികളും ചെയ്യുന്നതിനാണ് സ്ഥാപനത്തിന് തുക നൽകേണ്ടത്. എന്നാൽ വിതരണം, സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമുമ്പ് തന്നെ സ്ഥാപനത്തിന് തുക നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്.

കൂടാതെ ടി ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി-യിൽനിന്നും ക്ലിയറൻസ് വാങ്ങിയതിനുശേഷം വേണം സപ്ലൈ ഓർഡർ നൽകാൻ. എന്നാൽ ഇപ്രകാരം ക്ലിയറൻസ് വാങ്ങാതെയാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. സപ്ലൈ ചെയ്ത സാധനങ്ങൾ ഓഡിറ്റ് തീയതിയിലും (26.08.17) പോസ്റ്റുകളിൽ സ്ഥാപിക്കാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. KREWS-ന്റെ ഇൻവോയ്സ് പ്രകാരം ലൈറ്റ് ഒന്നിന് 100 രൂപ ക്രമത്തിൽ 161 ലൈറ്റുകൾക്ക് 16100 രൂപയാണ് ഇൻസ്റ്റലേഷൻ ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിലും ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും KREWS-ന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാന്വൽ പ്രകാരം പഞ്ചായത്തിലെ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, കമ്മിറ്റിയുടെ മേൽനോട്ടത്തിലുമായിരിക്കണം സാധനങ്ങൾ വാങ്ങേണ്ടത്. എന്നാൽ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനമോ, മേൽനോട്ടമോ ഇല്ലാതെയാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.

മേൽ വിവരിച്ച പ്രകാരം KREWS അധികം കൈപ്പറ്റിയ 115855 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. വാങ്ങിയ ലൈറ്റുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അവശേഷിച്ച 310730 രൂപ തടസ്സത്തിൽവയ്ക്കുന്നു. ലൈറ്റുകൾ എത്രയും വേഗം പോസ്റ്റുകളിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 3-2 കച്ചേരിത്തടം-കരികുളം-വിക്രമൻപടി റോഡ് നിർമ്മാണം - പദ്ധതി നിർവ്വഹണത്തിൽ ക്രമക്കേട്

| | |
|---|---|
| അടങ്കൽ | 15 ലക്ഷം (കോർപ്പസ് ഫണ്ട്) |
| കൺവീനർ | ശ്രീ സുധാകരൻ എ.എസ്. |
| എം.ബുക്ക് നം. | 5 |
| ഫൈനൽ ബിൽ തുക | ₹1348974 |
| ചെക്ക് നം., തീ. | 140059/26.11.16 |

2015-16 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ കച്ചേരിത്തടം, കരികുളം-വിക്രമൻപടി റോഡ് നിർമ്മാണത്തിനായി 15 ലക്ഷം രൂപ അനുവദിച്ചു ലഭിച്ചിരുന്നു. സെക്രട്ടറിയാണ് പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം (നം.5) 28.04.16-നാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം പ്രവൃത്തിയുടെ കൺവീനർ 1348974 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല*

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി വീഴ്ചവരുത്തി. 24.03.15-ലാണ് പദ്ധതിയ്ക്ക് തുക അനുവദിച്ചത് (റാന്നി ട്രൈബൽ ഡെവ.ഓഫീസറുടെ 24.03.15-ലെ D946/14 നമ്പർ ഉത്തരവ്). എന്നാൽ പദ്ധതി നിർവ്വഹിക്കുന്നതിന് എഗ്രിമെന്റ് വച്ചിരിക്കുന്നത് 2016 മാർച്ച് മാസത്തിലാണ്. 4.3.16-ൽ പ്രവൃത്തി ആരംഭിച്ച് 11.4.16-ൽ പ്രവൃത്തി പൂർത്തിയാക്കിയതായാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളതും റാന്നി ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ളതും 15.11.16-ലാണ്. പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി പേയ്മെന്റ് നൽകുന്നതിന് 7 മാസം കാലതാമസം ഉണ്ടായത് അസ്വാഭാവികമാണ്. ആയതിന് വിശദീകരണം ആവശ്യമാണ്.

*ഇ-ടെണ്ടർ ചെയ്യേണ്ട പ്രവൃത്തി ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കി*

തദ്ദേശഭരണ സ്ഥാപനങ്ങളിൽ എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിന് മുകളിലുള്ളതുമായ എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടപ്പിലാക്കണമെന്ന് 5.10.15-ൽ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള പ്രവൃത്തികൾ എല്ലാം ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(പി.)നം.524/15/ഫിൻ. തീ.17/11/2015). 15 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്നതിന് പകരം ഗുണഭോക്തൃസമിതി മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. 13.01.2016-ൽ ധനവകുപ്പ് പുറപ്പെടുവിച്ച സ.ഉ.(പി) നം.4/2016/ധന നമ്പർ ഉത്തരവ് തെറ്റായി വ്യഖ്യാനിച്ചാണ് ഗുണഭോക്തൃസമിതിയെ പണി ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം ഇ-ടെണ്ടർ ഏർപ്പെടുത്തുന്നതിന് മുമ്പ് ഗുണഭോക്തൃസമിതി നിലവിലുണ്ടായിരുന്ന മേഖലകളിൽ ടി സമിതികൾ മുഖേന 31.03.16 വരെ ചെയ്യേണ്ട പ്രവൃത്തികളെയാണ് ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ

കാര്യത്തിൽ ഇ-ടെണ്ടർ പ്രാബല്യത്തിൽ വരുത്തിയ 07.11.15-ന് മുൻപ് ഗുണഭോക്തൃസമിതിയെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയോ കൺവീനറും, ഗുണഭോക്തൃസമിതിയും ഗ്രാമപഞ്ചായത്തുമായി പ്രത്യേകം കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. കൺവീനർ ഗ്രാമപഞ്ചായത്തുമായി വെച്ചിട്ടുള്ള എഗ്രിമെന്റിൽ കരാർ തീയതിയില്ല. കരാറിൽ ആവശ്യമായ വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല. മുദ്രപത്രം വാങ്ങിയിട്ടുള്ളത് 2.3.16 തീയിതിയിലാണെന്നതിനാൽ 2016 മാർച്ചിലാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പ്രവൃത്തി നടത്തുന്നതിന് ഗുണഭോക്തൃസമിതി അംഗങ്ങൾ കൂട്ടായി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ ബഹു. ഹൈക്കോടതി ഉത്തരവിനേയും, സർക്കാർ നിർദ്ദേശത്തെയും മറികടന്നാണ് ഈ പ്രവൃത്തി കൺവീനർ മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമായിരിക്കുകയാണ്.

പ്രവൃത്തി നിർവ്വഹണത്തിലുണ്ടായിട്ടുള്ള ടി അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച 1348974 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിന്റെയും മരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളുടെയും ലംഘനം ഭരണവകുപ്പ് തലത്തിൽ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-3 വികസന ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ടിന് തനത് ഫണ്ടിൽനിന്നും ചെലവ് ചെയ്തു; പദ്ധതി നിർവ്വഹണത്തിൽ ക്രമക്കേട്

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ ***ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കൽ*** എന്ന പ്രോജക്ട് 2016-17 സാമ്പത്തിക വർഷം സ്പിൽ ഓവറായാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്പിൽ ഓവർ പ്രോജക്ട് നം.15/17 പ്രകാരം വികസന ഫണ്ടിൽനിന്നും 50000 രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും തനത് ഫണ്ടിൽനിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ സ്ഥാപിക്കുന്നതിനുള്ള ബോർഡുകൾ നിർമ്മിച്ച ഇനത്തിൽ 28600 രൂപ 23.05.16-ലെ 39800/23.05.16 നമ്പർ ചെക്ക് പ്രകാരം തനത് ഫണ്ടിൽനിന്നും ചെലവഴിച്ചു. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വ്യാജ ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ നാല് സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ മിഥിൽ എഞ്ചിനീയറിംഗ് വർക്സ്, വടശ്ശേരിക്കര എന്ന സ്ഥാപനത്തിന്റെ 2200 രൂപ നിരക്കിലുള്ള ക്വട്ടേഷനാണ് കമ്മിറ്റി അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. ടി സ്ഥാപനത്തെ കൂടാതെ സി.വി.എഞ്ചിനീയറിംഗ് വർക്സ്, അത്തിക്കയം (₹2300), അജി ആർട്സ്, അത്തിക്കയം (₹2350), സജു ആർട്സ്, അത്തിക്കയം (₹2400) എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ലഭിച്ച നാല് ക്വട്ടേഷനുകളും ഒരേ കൈപ്പടയിലാണ് തയ്യാറാക്കിയിട്ടുള്ളത്. മിഥിൽ എഞ്ചിനീയറിംഗ് വർക്സിന്റെ ക്വട്ടേഷൻ മാത്രമാണ് സ്ഥാപനത്തിന്റെ ലെറ്റർ പാഡിൽ സമർപ്പിച്ചിട്ടുള്ളത്. മറ്റ് മൂന്ന് ക്വട്ടേഷനുകളും ഡി.റ്റി.പി. ചെയ്ത് തയ്യാറാക്കിയ ലെറ്റർ പാഡുകളിലാണ് സമർപ്പിച്ചിട്ടുള്ളത്. പ്രഥമ ദൃഷ്ടിയിൽതന്നെ ക്വട്ടേഷനുകൾ എല്ലാം ഒരു സ്ഥാപനം തന്നെ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണെന്ന് വ്യക്തമാണ്. ലഭിച്ച ക്വട്ടേഷനുകൾ പ്രോക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടില്ല. ആയതിനാൽ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലല്ല ഈ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. മത്സരാധിഷ്ഠിത ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിലല്ലാതെ വ്യാജ ക്വട്ടേഷനുകൾ ഹാജരാക്കി പ്രവൃത്തി നടത്തി.

വികസനഫണ്ടിൽനിന്നും തുക വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും, തനത് ഫണ്ടിൽനിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. ഇപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതി തേടുകയോ, സ്പിൽ ഓവർ പ്രോജക്ടിന് അംഗീകാരം ലഭിച്ച മുറയ്ക്ക് വികസനഫണ്ടിൽനിന്നും തുക മാറി തനത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ബോർഡുകൾ ഗ്രാമപഞ്ചായത്തിൽ സ്റ്റോക്കിൽ ചേർക്കുകയോ വിതരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഗ്രാമകേന്ദ്രങ്ങളുടെ തുടർനടത്തിപ്പിനുള്ള ചെലവ് പഞ്ചായത്ത് ഫണ്ടിൽനിന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട്, ബോർഡ് നിർമ്മാണത്തിൽ മാത്രമായി ഒതുങ്ങിയതായാണ് കണ്ടത്. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ടും, ഏതെല്ലാം വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നുണ്ടെന്നതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം. 18/29.08.2017).

മേൽവിവരിച്ച അപാകതകൾ മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച 28600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 നിലവിലില്ലാത്ത ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതായി കാണിച്ച് ചെലവഴിച്ച 44560 രൂപ നിരാകരിക്കുന്നു

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ ശബരിമല പാതകളിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രോജക്ട് നം.110/17 പ്രകാരം ശബരിമല സ്പെഷ്യൽ ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി 143950 രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 108997/12.01.17). ചെലവ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഫയൽ നോട്ട് പ്രകാരം ശ്രീ എം.കെ.രഘു, എം.കെ.ആർ. ഇലക്ട്രിക്കൽ & പ്ലംബിംഗ വർക്സ്, മാടമൺ, എന്ന ആളിന്റെ ടെണ്ടർ അംഗീകരിച്ചാണ് മെയിന്റനൻസ് കരാർ നൽകിയത്. എന്നാൽ ടെണ്ടർ ക്ഷണിച്ചത് സംബന്ധിച്ച രേഖകൾ, ലഭിച്ച ടെണ്ടറുകൾ, ടെണ്ടർ രജിസ്റ്റർ, ഇ.എം.ഡി., സെക്യൂരിറ്റി തുകകൾ ഈടാക്കിയതിന്റെ വിവരം, എഗ്രിമെന്റ്, ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും, ലഭിച്ച ടെണ്ടറുകൾ തുറന്ന് അംഗീകരിച്ചിട്ടുള്ളതെന്നും മനസ്സിലാക്കുന്നതിനുള്ള യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

താഴെ പറയും പ്രകാരം തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തിയതിനാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

| ഇനം | നന്നാക്കിയ വിളക്കുകളുടെ എണ്ണം | അനുവദിച്ച നിരക്ക് | തുക |
|---|---|---|---|
| സിംഗിൾ ട്യൂബ് സെറ്റ് | 250 | 240 | 60000 |
| ഡബിൾ ട്യൂബ് സെറ്റ് | 40 | 445 | 17800 |
| സോഡിയം വേപ്പർ ലാമ്പ് | 49 | 1350 | 66150 |
| ആകെ | | | 143950 |

അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് അവ്യക്തതയുണ്ട്. വെച്ചൂച്ചിറ, പെരുനാട്, റാന്നി ഡിവിഷനുകളിലെ അസി.എഞ്ചിനീയർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. അറ്റകുറ്റപ്പണി നടത്തേണ്ട വിളക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചതും, തുക വകയിരുത്തിയതും. ആയത് ക്രമവിരുദ്ധമായ നടപടിയാണ്. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ തരം, എണ്ണം, അവ സ്ഥാപിക്കപ്പെട്ട പോസ്റ്റുകളുടെ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ താരിഫ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. സൂക്ഷിച്ചിട്ടുള്ള കണക്ക് മാത്രമാണ് ആധികാരികമായിട്ടുള്ളത്. ആയത് പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | KSEB വൈദ്യുതി താരിഫ് ഈടാക്കിയ ലൈറ്റുകളുടെ എണ്ണം | കരാറുകാരൻ റിപ്പയർ ചെയ്തതായി കാണിച്ച് ലൈറ്റുകളുടെ എണ്ണം | കണക്കിൽ പെടാത്ത ലൈറ്റുകളുടെ എണ്ണം | ഇല്ലാത്ത ലൈറ്റുകൾ അറ്റകുറ്റപ്പണിനടത്തുന്നതിന് ചെലവഴിച്ച തുക |
|---|---|---|---|---|
| ഓർഡിനറി | 388 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| ബൾബ് 40W | | | | |
| ഓർഡിനറി ബൾബ് 60W | 35 | 0 | 0 | 0 |
| സിംഗിൾ ട്യൂബ് സെറ്റ് | 161 | 250 | 89 | 21360 |
| ഡബിൾ ട്യൂബ് സെറ്റ് | 0 | 40 | 40 | 17800 |
| സി.എഫ്.എൽ. | 50 | 0 | 0 | 0 |
| സോഡിയം വേപ്പർ ലാമ്പ് | 45 | 49 | 4 | 5400 |
| ആകെ | | | | 44560 |

കെ.എസ്.ഇ.ബി-യുടെ കണക്ക് പ്രകാരമുള്ള വിളക്കുകളെക്കാൾ അധികം എണ്ണം റിപ്പയർ ചെയ്തതായി കാണിച്ചാണ് കരാറുകാരൻ തുക കൈപ്പറ്റിയിരിക്കുന്നത്. ഒരോ വാർഡിലും റിപ്പയർ ചെയ്ത വിളക്കുകളുടെ കണക്കുകൾ തയ്യാറാക്കുകയോ, ബന്ധപ്പെട്ട വാർഡു മെമ്പർമാർ അത് സാക്ഷ്യപ്പെടുത്തി നൽകുകയോ ചെയ്തിട്ടില്ല. മാത്രവുമല്ല തൻവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് 250 പുതിയ സിംഗിൾ ട്യൂബ് സെറ്റുകൾ വാങ്ങിയിട്ടുള്ളതായും പരിശോധനയിൽ വ്യക്തമായിട്ടുണ്ട് (പ്രോജക്ട് നം.115/17, തെരുവ് വിളക്ക് സ്ഥാപിക്കൽ - ചെലവ് ₹312242) ഇവ മൊത്തമായും കരാറുകാരന് കൈമാറിയിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള 250 ട്യൂബുകൾ റിപ്പയർ ചെയ്യുകയും, 250 പോസ്റ്റുകളിൽ പുതുതായി ട്യൂബ് സെറ്റുകൾ കരാറുകാരൻ സ്ഥാപിക്കുയും ചെയ്തുവെന്ന് ന്യായമായും കരുതാനാവില്ല. സിംഗിൾ ട്യൂബ് സെറ്റുകൾ നന്നാക്കിയതല്ല മറിച്ച് അവ മാറ്റി പുതിയത് സ്ഥാപിക്കുകയായിരുന്നുവെന്ന് വ്യക്തമാണ്. കെ.എസ്.ഇ.ബി-യുടെ കണക്കിലില്ലാത്ത വിളക്കുകൾ റിപ്പയർ ചെയ്തതിന് പഞ്ചായത്ത് ഫണ്ടിൽനിന്നും തുക ചെലവ് ചെയ്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം.29/2017തീയതി 29.08.2017).

ഈ സാഹചര്യത്തിൽ കണക്കിലില്ലാത്ത ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ചെലവഴിച്ച 44560 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അവശേഷിച്ച 99390 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-5 അളവുകൾ പെരുപ്പിച്ച് കാട്ടി കരാറുകാരന് ₹66833 അധികം പ്രതിഫലം നൽകി

| | |
|---|---|
| പ്രോ.നം. | 28/17 |
| അടങ്കൽ | 1000000 |
| കരാറുകാരൻ | ശ്രീ എൻ.പി.ഗോപാലകൃഷ്ണൻ |
| ചെലവ് | 800979 |
| ബിൽ നം., തീ. | 17/16-17, 31.03.17 |
| എം.ബുക്ക് നം. | 12/2017 |

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 10 ലക്ഷം രൂപ വകയിരുത്തി മാടമൺ എൽ.പി.എസിന് 206 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ശ്രീ എൻ.പി. ഗോപാലകൃഷ്ണൻ എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള കരാറാണ് സ്വീകരിച്ചിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം ടിയാൻ 800979

രൂപയുടെ പ്രവൃത്തി നടത്തി. നിയമപരമായ കിഴിവുകൾ നടത്തിയതിനു ശേഷം (VAT 4%- 32039, KCWWF 1% - 8010, IT 1% - 8010) 752920 രൂപ കരാറുകാരന് പ്രതിഫലം നൽകി.

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിക്കുകയും, പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തുകയും ചെയ്തതിൽ പ്രവൃത്തിയുടെ അളവുകൾ എം.ബുക്കിൽ പെരുപ്പിച്ച് കാട്ടി കരാറുകാരന് അധിക പ്രതിഫലം നൽകിയിട്ടുള്ളതായി കണ്ടു. പ്രവൃത്തിയുടെ ഇനം 4 പ്രകാരം 40x20x15cm അളവിലുള്ള സിമന്റ് കട്ട (hollow block) ഉപയോഗിച്ച് 218.8 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 299851.64 രൂപയായിരുന്നു വകയിരുത്തിയിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം 20cm കനത്തിൽ (8 inch) ചുറ്റുമതിൽ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 6 inch കനത്തിലാണ് (15cm) ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതെന്ന് കണ്ടു. എന്നാൽ എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയ എഞ്ചിനീയർ 20cm കനമാണ് കാണിച്ചിട്ടുള്ളത്. അളവുകൾ ബോധപൂർവ്വം പെരുപ്പിച്ച് കാണിച്ചതിലൂടെ 66833 രൂപ കരാറുകാരന് അധികം നൽകുന്നതിന് ഇടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് അളവ്

| | | | | |
|---|---|---|---|---|
| 1 | 90.0 | 0.2 | 1.3 | 23.4 |
| 1 | 80.0 | 0.2 | 1.3 | 20.8 |
| 1 | 23.0 | 0.2 | 1.3 | 5.98 |
| 1 | 13.0 | 0.2 | 1.3 | 3.38 |
| 64 Pillar | 0.20 | 0.4 | 1.3 | 6.66 |
| Total | | | | 60.22 |

60.220cum @Rs.4979.27/cum = 299851.64

എം.ബുക്ക് പ്രകാരം ചെയ്ത അളവ് (എം.ബുക്ക് നം. 12/2017) – ഇനം. 4

| എം.ബുക്ക് പേജ് നം. | എം.ബുക്ക് പ്രകാരമുള്ള അളവ് | | | | | യഥാർത്ഥത്തിൽ ചെയ്ത അളവ് | | | | |
|---|---|---|---|---|---|---|---|---|---|---|
| 16 | 1 | 11.92 | 0.20 | 1.30 | 3.1 | 1 | 11.92 | 0.15 | 1.30 | 2.32 |
| | 1 | 20.00 | 0.20 | 1.30 | 5.2 | 1 | 20.00 | 0.15 | 1.30 | 3.9 |
| | 1 | 20.00 | 0.20 | 1.30 | 5.2 | 1 | 20.00 | 0.15 | 1.30 | 3.9 |
| Pillar | 15 | 0.20 | 0.40 | 1.30 | 1.56 | 15 | 0.20 | 0.40 | 1.30 | 1.56 |
| Total | | | | | 15.06 | | | | | 11.68 |
| 17 | 1 | 20.00 | 0.20 | 1.30 | 5.2 | 1 | 20.00 | 0.15 | 1.30 | 3.9 |
| | 1 | 20.00 | 0.20 | 1.30 | 5.2 | 1 | 20.00 | 0.15 | 1.30 | 3.9 |
| | 1 | 11.80 | 0.20 | 1.30 | 3.07 | 1 | 11.80 | 0.15 | 1.30 | 2.3 |
| Pillar | 15 | 0.20 | 0.40 | 1.30 | 1.56 | 15 | 0.20 | 0.40 | 1.30 | 1.56 |
| Total | | | | | 15.03 | | | | | 11.66 |
| 22 | 1 | 20.00 | 0.20 | 1.30 | 5.2 | 1 | 20.00 | 0.15 | 1.30 | 3.9 |
| | 1 | 20.00 | 0.20 | 1.30 | 5.2 | 1 | 20.00 | 0.15 | 1.30 | 3.9 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1 | 10.00 | 0.20 | 1.30 | 2.6 | 1 | 10.00 | 0.15 | 1.30 | 1.95 |
| Pillar | 15 | 0.20 | 0.40 | 1.30 | 1.56 | 15 | 0.20 | 0.40 | 1.30 | 1.56 |
| Total | | | | | 14.56 | | | | | 11.31 |
| 23 | 1 | 10.00 | 0.20 | 1.30 | 2.6 | 1 | 10.00 | 0.15 | 1.30 | 1.95 |
| | 1 | 22.18 | 0.20 | 1.30 | 5.77 | 1 | 22.18 | 0.15 | 1.30 | 4.33 |
| | 1 | 18.55 | 0.20 | 1.30 | 4.82 | 1 | 18.55 | 0.15 | 1.30 | 3.62 |
| Pillar | 16 | 0.20 | 0.40 | 1.30 | 1.66 | 16 | 0.20 | 0.40 | 1.30 | 1.66 |
| Toal | | | | | 14.85 | | | | | 11.56 |
| Grand Total | | | | | 59.5 | | | | | 46.21 |

കരാറുകാരന് നൽകിയ പ്രതിഫലം - 59.492m3 @4991/m3 = ₹296924.57

അർഹമായ പ്രതിഫലം - 46.21@ 4979.27/m3 = ₹230092.06

**ക്രമവിരുദ്ധമായി അധികം നൽകിയ തുക - 66833 രൂപ**

പ്രവൃത്തിയുടെ അളവുകൾ പെരുപ്പിച്ച് എം.ബുക്കിൽ രേഖപ്പെടുത്തി പ്രതിഫലം നൽകിയത് ഗുരുതരമായ ക്രമക്കേടാണ്. പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഓവർസീയർ, അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവർ ഈ ക്രമക്കേടിന് ഉത്തരവാദികളാണ്. കരാറുകാരന് ക്രമവിരുദ്ധമായി അധികം നൽകിയ തുക അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണത്തിനും തുടർനടപടികൾക്കും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-6 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – നിർവ്വഹണം സുതാര്യമല്ല

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 115/17 പ്രകാരം തനത് ഫണ്ടിൽനിന്നും 400000 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ. പ്രോജക്ടിന്റെ ഭാഗമായി തമ്പുരാൻകാലായിൽ ട്രെയ്ഡ് ലിൻക്സ്, നാരങ്ങാനം എന്ന സ്ഥാപനത്തിൽനിന്നും 312242 രൂപയുടെ തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി (ഇൻവോയ്സ് നം.G-1132/18.01.17, ചെക്ക് നം. 108999/21.01.17)). ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ ഭാഗമായി 250 സിംഗിൽ ട്യൂബ് സെറ്റുകൾ വാങ്ങിയ ഇനത്തിൽ 245001.38 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവ സ്റ്റോക്കിൽ ചേർത്ത് തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് കരാറെടുത്തിട്ടുള്ള ശ്രീ.എം.കെ. രഘു എന്ന കരാറുകാരന് പൂർണ്ണമായും കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പുതിയ തെരുവ് വിളക്കുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യ്ക്ക് ലൈറ്റ് ഒന്നിന് 150 രൂപ ക്രമത്തിൽ സൂപ്പർ വിഷൻ ചാർജ്ജ് ഒടുക്കേണ്ടതുണ്ട്. എന്നാൽ സൂപ്പർ വിഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. കെ.എസ്.ഇ.ബി-യുടെ കണക്ക് പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ട്യൂബുകളുടെ എണ്ണം 161 ആണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ നിലവിലുണ്ടായിരുന്ന എല്ലാ ട്യൂബ് സെറ്റുകളും മാറ്റി സ്ഥാപിക്കുകയും, പുതുതായി 89 പോസ്റ്റുകളിൽ ട്യൂബ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തെന്നുവേണം അനുമാനിക്കാൻ. കെ.എസ്.ഇ.ബീ-യിൽ സൂപ്പർ വിഷൻ ചാർജ്ജ് ഒടുക്കാതെ ഇത് സാധ്യമാകുന്നതല്ല. കൂടാതെ 161 പോസ്റ്റുകളിൽനിന്നും നീക്കം ചെയ്ത കേടായ ട്യൂബ് സെറ്റുകൾ കരാറുകാരൻ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുള്ളതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 89 പോസ്റ്റുകളിൽ പുതുതായി ട്യൂബ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന് ആനുപാതികമായി വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരേണ്ടതാണ്. എന്നാൽ അപ്രകാരം വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും കാണുന്നില്ല.

മേൽപറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിന് ചെലവഴിച്ച 312242 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 പ്രതിരോധ കുത്തിവയ്പ് - പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്തത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ട് നം. | S0027/17 |
| പ്രോജക്ടിന്റെ പേര് | ദേശീയ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹന വാടക |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ചെലവ് | ₹26300 |
| ട്രഷറി ബിൽ നം. | 6/16-17/28.02.17 |

2016-17-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥയായി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹന വാടക നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കിയത് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. ഈ പ്രോജക്ടിന് വികസന ഫണ്ടിൽനിന്നും 26300 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ വച്ച് എല്ലാമാസവും നടക്കുന്ന രോഗ പ്രതിരോധ കുത്തിവയ്പിനായി അരോഗ്യ പ്രവർത്തകരെ കൊണ്ടുപോകുന്നതിന് വണ്ടിവാടക ഇനത്തിൽ KL-3-A-30നമ്പർ വാഹനത്തിന്റെ ഡ്രൈവറാണ് തുക കൈപ്പറ്റിയിട്ടുള്ളത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ 2015-16 കാലയളവിലേത് ഉൾപ്പെടെയുള്ള ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിലാണ് തുക ട്രഷറിയിൽനിന്നും മാറിയിട്ടുള്ളതെന്ന് കാണുന്നു. ട്രിപ്പ് ഷീറ്റുകളിലേയും, കൈപ്പറ്റ് രസീതുകളിലെയും തീയതികളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുള്ളതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ട്രഷറിയിൽ മാറിയ തുക കൈപ്പറ്റിയിരിക്കുന്നത് LHI ആണ്. ചെലവ് രേഖകൾ സുതാര്യവും, ആധികാരികവുമല്ല.

കൂടാതെ സബ്സെന്ററുകൾ മുഖേന പതിവായി നടക്കുന്ന പ്രതിരോധ കുത്തിവെയ്പ് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്ന കാര്യമല്ല. ഇക്കാരണത്താലാണ് പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് ചെയ്യുന്നതിന് അനുമതി നൽകികൊണ്ട് കാലാകാലങ്ങളിൽ സർക്കാർ പ്രത്യേകം ഉത്തരവ് ഇറക്കുന്നത്. പഞ്ചായത്ത് രാജ് നിയമ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, പഞ്ചായത്തിനെ സർക്കാർ ഏല്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട് [സ.ഉ.(എം.എസ്.)നം.4/2016/ തസ്വഭവ, തീ.11.01.2016, ഖ.4(8)]. ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയാണ്. ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാരാണ് പ്രതിരോധ കുത്തിവയ്പ് നടത്തുന്നത്. ഇവർക്ക് സ്പെഷ്യൽ കൺവയൻസ് സൗകര്യം ഒരുക്കുന്നതിന് വികസനഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്യുന്നതിന് വ്യവസ്ഥയില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-8 പുതിയ തസ്തികകൾ സൃഷ്ടിക്കാതെ പി.എച്ച.സി-യ്ക്ക് കോടികളുടെ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നു

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് നം. 121/17 പ്രകാരം 17376564 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ലോകബാങ്ക് ധനസഹായ തുക വകയിരുത്തിയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഒ.പി., ഐ.പി. വിഭാഗങ്ങൾക്ക് പ്രത്യേകം കെട്ടിടങ്ങളാണ് നിർമ്മിക്കുന്നത് (PAC - ₹11820094). കെട്ടിടങ്ങളുടെ ആകെ വിസ്തൃതി 7640 ച.അടിയാണ്. കെട്ടിട നിർമ്മാണം കൂടാതെ ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 43 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്.

പി.എച്ച്.സിയിൽ നിലവിലുള്ള രണ്ട് കെട്ടിടങ്ങളിൽ ഒന്ന് ഉപയോഗപ്പെടുത്താതിരിക്കുന്ന സാഹചര്യത്തിലാണ് ലോകബാങ്ക് ധനസഹായ തുക ഇനത്തിൽ ലഭിച്ച തുക മൊത്തമായും പി.എച്ച്.സി-യ്ക്ക് കെട്ടിട നിർമ്മാണത്തിനായി മാറ്റിയിട്ടുള്ളത്. ഉദ്ദേശ്യം 1500 ച.അടി വിസ്തൃതിയുള്ള ഒരു പുതിയ കെട്ടിടം ആശുപത്രി കോമ്പൗണ്ടിൽ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ ആശുപത്രിയുടെ പ്രവർത്തനത്തിന് പര്യാപ്തമാണെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. ഒരു ഡോക്ടറും പരിമിതമായ ജീവനക്കാരും മാത്രമുള്ള പി.എച്ച്.സിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല. ഈ സാഹചര്യത്തിൽ കോടികൾ ചെലവഴിച്ച് ഐ.പി. വാർഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. എന്തു തന്നെയായാലും ആരോഗ്യവകുപ്പിന്റെ മാനദണ്ഡം അനുസരിച്ച് ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാതെ ലോകബാങ്ക് ഫണ്ട് ചെലവഴിച്ച് വികസിപ്പിക്കുന്ന സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നതല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, ഫാമുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അധികമായോ, പുതിയതായോ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രത്യേകിച്ചും ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയത് സ്റ്റാഫിന്റെ അപര്യാപ്തതമൂലം ഉപയോഗപ്പെടുത്താൻ കഴിയാതെ വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇപ്രകാരം പുതിയ സ്റ്റാഫിനെ നിയമിച്ചാൽ മാത്രം ഉപയോഗിക്കാൻ പറ്റുന്ന തരത്തിലുള്ള അധിക പശ്ചാത്തല വികസനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കരുതെന്ന് നിഷ്കർഷിച്ചിരുന്നു (സർക്കുലർ നം.12592/ ഡി.പി.1/2006/തസ്വഭവ, തീ. 11.8.2006). എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. കൂടാതെ ആശുപത്രി കെട്ടിടം ആരോഗ്യവിഷയ മേഖലയുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ആവശ്യമുള്ളതും, അനുയോജ്യവുമാണെന്നതിനുള്ള ശുപാർശ നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ് (സ.ഉ.(എം.എസ്.)നം.243/2012/തസ്വഭവ, തീ. 24/09/2012 ഖ. 2.2.3). എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ പ്രസ്തുത നിബന്ധനയും പാലിച്ചിട്ടില്ല.


ആശുപത്രി കോമ്പൗണ്ടിൽ ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടം

നാറാണംമൂഴി പി.എച്ച്.സി-യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനും, പുതിയ തസ്തികകൾ അനുവദിക്കുന്നതിനും സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ IP വാർഡ് ഉൾപ്പടെയുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതും, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതും എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41/31.08.17) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-9 പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച ₹22183 പിൻവലിച്ചതിന് രേഖയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടിൽ (അക്കൗണ്ട് നം.783053000000737, സൗത്ത് ഇന്ത്യൻ ബാങ്ക്, നാറാണംമൂഴി) പലിശയിനത്തിൽ വരവ് വന്ന തുക രേഖകളില്ലാതെ പിൻവലിച്ചു. പിൻവലിച്ച തുക നാളിതുവരെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

നോൺ ബാങ്കിംഗ് ട്രഷറിയിൽനിന്ന് പണമായി പിൻവലിക്കുന്ന തുക ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ച് ഡി.ഡിയായി വിതരണം ചെയ്യണമെന്നും, ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കണമെന്നും ധനവിനിയോഗ മാർഗ്ഗരേഖയിൽ [ജി.ഒ.(പി)നം.177/2006 തീയതി12.04.2006] നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ പദ്ധതി നിർവ്വഹണ അക്കൗണ്ടിൽ നിക്ഷേപിച്ച തുകകളുടെ പലിശയിനത്തിൽ ബാങ്ക്

അക്കൗണ്ടിൽ അവശേഷിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥൻ പിൻവലിക്കുകയാണുണ്ടായത്. പലിശ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (20.08.2016) | പലിശ ക്രെഡിറ്റ് ചെയ്ത തീയതി | ലഭിച്ച പലിശ | ആകെ |
|---|---|---|---|
| 15183 | 05.09.2016 | 1239 | 16422 |
| | 15.12.2016 | 5115 | 21537 |
| | 15.03.2017 | 1330 | 22867 |

പലിശയിനത്തിൽ ക്രഡിറ്റിൽ വന്ന 22867 രൂപയിൽ 504 രൂപ മാത്രമാണ് നിലവിൽ അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.26/2017തീയതി 29.08.2017) വി.ഇ.ഒ മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിൽ കുറവ് വന്ന 22363 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ-യിൽനിന്നും ഈടാക്കി അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-10 ഭവന പുനരുദ്ധാരണം - തുക വകമാറ്റിച്ചെലവഴിച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവന പുനരുദ്ധാരണം - (പ്രോജക്ട് നം.06/2017) പ്രോജക്ടിനായി വകയിരുത്തിയ 125000രൂപ ബിൽ നം.19/2017തീയതി 24.03.2017 പ്രകാരം പിൻവലിച്ചു. എന്നാൽ ടി തുക പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനു പകരം ശുചിത്വ കക്കൂസ് (ഒ.ഡി.എഫ്) എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കളായ 14 പേർക്ക് നല്കി. ട്രഷറിയിൽ സമർപ്പിച്ച ബില്ലിലും, തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനായി ബില്ലിനൊപ്പം സമർപ്പിച്ച സ്റ്റേറ്റ്മെന്റിലും ഭവന പുനരുദ്ധാരണം എന്നാണ് കാണിച്ചിട്ടുള്ളത്. ഒ.ഡി.എഫ് ഇനത്തിൽ തുക യഥേഷ്ടം ലഭ്യമായിരിക്കെ ഭവന പുനരുദ്ധാരണ പ്രോജക്ടിന്റെ തുക വകമാറ്റി മറ്റ് പ്രോജക്ടിനായി ചെലവഴിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് എൻക്വയറി നം.31/2017 തീയതി 29.08.2017) എന്നാൽ ഇതിന് മറുപടി ലഭ്യമാക്കിയില്ല.

ഭവന പുനരുദ്ധാരണത്തിന്റെ പ്രോജക്ട് സ്പിൽ ഓവറായി 2017-18ലേക്ക് വച്ചിട്ടില്ല. ആയതിനാൽ അർഹതയുള്ള അഞ്ച് ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണ പ്രോജക്ടിന്റെ ആനുകൂല്യം നഷ്ടമായി. ഈ വിഷയത്തിൽ ഭരണതലത്തിൽ അന്വേഷണം നടത്തി വിവരം ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

# 3-11 നോൺ ബാങ്കിംഗ് ട്രഷറി അക്കൗണ്ട്- പലിശയിനത്തിൽ നഷ്ടമായ തുക തിരികെ ലഭിച്ചില്ല

കൃഷി ഓഫീസറുടെ പേരിലുള്ള പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടിൽനിന്നും (സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ-അക്കൗണ്ട് നമ്പർ 2081904440) പലിശയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെട്ടതു സംബന്ധിച്ച് 2012-13വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

ജി.ഒ.(പി.)നം.177/06 ഫിൻ തീയതി12.04.06 ഖണ്ഡിക 8(3) പ്രകാരം നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾ നടത്തുന്ന ഗ്രാമപഞ്ചായത്തുകൾ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പേരിൽ ദേശസാൽകൃതബാങ്കിൽ ഒരു അക്കൗണ്ട് തുറക്കേണ്ടതും ബിൽ വഴി ട്രഷറിയിൽനിന്ന് മാറുന്ന തുകകൾ ഈ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതും ഡി.ഡി മുഖേന തുക പിൻവലിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്.

ഇത്തരത്തിൽ കൃഷി ഓഫീസറുടെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ 01.01.2009 മുതൽ 21.02.15 വരെ പലിശയിനത്തിൽ ലഭിച്ച 31108 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ തെറ്റായ നിർദ്ദേശം മൂലം ബാങ്ക് അവരുടെതന്നെ അക്കൗണ്ടിലേക്ക് മാറ്റുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പലിശയിനത്തിൽ ലഭിച്ച തുക | ബാങ്കിൽ ക്രെഡിറ്റ് ചെയ്ത തീയതി |
|---|---|
| 1789 | 01.01.09 |
| 49 | 01.07.09 |
| 1000 | 01.05.10 |
| 7050 | 31.05.10 |
| 62 | 30.11.10 |
| 6160 | 31.05.11 |
| 144 | 30.11.11 |
| 11345 | 31.05.12 |
| 1833 | 30.11.12 |
| 1675 | 31.05.13 |
| 1 | 30.11.13 |
| **31108** | |

നഷ്ടമായ തുക ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് ബാങ്കിൽനിന്ന് തിരികെ ലഭിക്കാൻ യാതൊരു നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ അലംഭാവം നിമിത്തം ടി തുക നഷ്ടമാകുന്ന പക്ഷം ആയത് ടിയാളുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്.

# 3-12 ഭവനനിർമ്മാണം (വനിത) - അധികമായി ആനുകൂല്യം വിതരണം ചെയ്തു

(പ്രോജക്ട് നം.04/2017)

2016-17സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണം (വനിത) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയ തുക സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിക്കുന്ന വിവരങ്ങളും ബാങ്ക് പാസ്സ് ബുക്കിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വിശദാംശ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | തീയതി | നൽകിയ തുക ക്യാഷ് ബുക്ക് പ്രകാരം | നൽകിയ തുക (ബാങ്ക് പാസ്സ് ബുക്ക് /ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം) | വ്യത്യാസം |
|---|---|---|---|---|
| ശ്രീമതി.സുമതി കരുണാകരൻ, പനച്ചപ്പാറ, വാർഡ് 4 | 12.02.2016 | 50000 | 80000 | 30000 |
| | 05.04.2016 | 50000 | 50000 | |
| | 26.12.2016 | 40000 | 40000 | |
| | 31.01.2017 | 60000 | 60000 | |
| | **ആകെ** | **200000** | **230000** | **30000** |
| ശ്രീമതി. ഓമന ചാക്കോ, ചീങ്കയിൽ, നാറാണംമൂഴി | 27.12.2016 | 60000 | 80000 | 20000 |
| | 03.01.2017 | 80000 | 80000 | |

| | | | | |
|---|---|---|---|---|
| | 31.07.2017 | 60000 | 60000 | |
| | ആകെ | **200000** | **220000** | **20000** |
| **ആകെ അധികം നൽകിയത്** | | | | **50000** |

ഗുണഭോക്താക്കൾക്ക് അധികം തുക നൽകാനിടയായതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.25/2017 തീയതി 29.08.2017) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അതിനാൽ അധികമായി നൽകിയ 50000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഗുണഭോക്താക്കളിൽനിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കേണ്ടതാണ്.

# 3-13 തെറ്റായ ശമ്പള നിർണ്ണയം - അധികമായി നല്കിയ ശമ്പളം തിരിച്ചടച്ചില്ല

ഗ്രാമപ്പഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറിയും നിലവിൽ എഴംകുളം ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടുമായ ശ്രീ. സ്റ്റീഫൻ എം.ന് പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചത് 18.07.2014ലാണ്. ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ശമ്പളം 18.07.2014 പ്രാബല്യത്തിൽ പുനർനിർണ്ണയിക്കേണ്ടതിനു പകരം 01.07.2014 പ്രാബല്യ തീയതിയാക്കിയാണ് നിർണ്ണയിച്ചിട്ടുള്ളത്. അപാകത പരിഹരിച്ച്, പുതുക്കിയ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് സഹിതം സേവന പുസ്തകം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും കൂടാതെ, അധികമായി വാങ്ങിയ ശമ്പളവും ബത്തയും തിരിച്ചടയ്ക്കേണ്ടതാണെന്നും കാണിച്ച് എഴംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നു (നം.കെഎസ്എ.പിറ്റിഎ.പി10-526/17 തീയതി 18.04.2017). എന്നാൽ ടി നിർദ്ദേശം നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. ശ്രീ. സ്റ്റീഫനിൽനിന്ന് തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 വെറ്ററിനറി സർജന്റെ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല; 30.5ലക്ഷം രൂപ പാഴാക്കി

2016-17 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്താനായി ആവിഷ്കരിച്ച ഏഴ് പ്രോജക്ടുകളിൽ, 30.5ലക്ഷം രൂപ അടങ്കൽ ഉള്ള ചുവടെ പറയുന്ന അഞ്ച് പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | അടങ്കൽ തുക |
|---|---|---|
| 1 | ആട്ടുഗ്രാമം പദ്ധതി - S0109/2017 (സ്പിൽ ഓവർ) | 275000 |
| 2 | കിടാരി വളർത്തൽ എസ്.സി വിഭാഗം - S0117/2017 | 820000 |
| 3 | കിടാരി വളർത്തൽ എസ്.റ്റി വിഭാഗം - S0118/2017 | 1000000 |
| 4 | മുട്ടക്കോഴി വിതരണം - S0122/2017 | 338400 |
| 5 | ആട്ട വളർത്തൽ (ജനറൽ), S0127/2017 | 624000 |
| | **ആകെ** | **3057400** |

പ്രസ്തുത പ്രോജക്ടുകൾക്ക് സെപ്റ്റംബർ മാസം അംഗീകാരം ലഭിച്ചിട്ടുണ്ടായിരുന്നു. പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (എൻക്വയറി നം.11തീയതി 25.08.2017). ഗുണഭോക്തൃലിസ്റ്റ് യഥാസമയം ലഭ്യമല്ലാതിരുന്നതിനാലും

ലിസ്റ്റിൽ ഒട്ടേറെ അനർഹർ കടന്നുകൂടിയതിനാലും പദ്ധതി നിർവ്വഹണം സാദ്ധ്യമായില്ലയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. ഉല്പാദന മേഖലയിൽ ആവിഷ്കരിക്കപ്പെട്ട പ്രസ്തുത പ്രോജക്ടുകൾ ഉപേക്ഷിച്ചതിലൂടെ, ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ ഒട്ടേറെപ്പേർക്ക് വരുമാനവും അതിലൂടെ ലഭിക്കുമായിരുന്ന മികച്ച ജീവിത സാഹചര്യവും നിഷേധിക്കുന്ന സമീപനമാണ് പഞ്ചായത്ത് പുലർത്തിയത്. ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 കന്നുകുട്ടി പരിപാലന പദ്ധതി - വകയിരുത്തിയത് ₹625000, ചെലവഴിച്ചത് ₹82500

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലന പദ്ധതി (പ്രോജക്ട് നം.22/2017) ന് വികസനഫണ്ട് വകയിരുത്തിയത് 625000രൂപയാണ്. എന്നാൽ 50പേർക്ക് ആനുകൂല്യം നൽകാൻ ആവിഷ്കരിച്ച പ്രോജക്ട് നടപ്പിലാക്കിയപ്പോൾ പതിമൂന്ന് പേർക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്. പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിന് അനുയോജ്യമായ കന്നുകുട്ടികൾ ഉള്ളവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു പകരം കന്നുകുട്ടികൾ ഇല്ലാത്തവരുടെ ഗുണഭോക്തൃ ലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥന് ഗ്രാമപ്പഞ്ചായത്ത് നൽകിയത്. വികലമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലൂടെ പദ്ധതി നിർവ്വഹണം അട്ടിമറിച്ചത് ഗ്രാമപ്പഞ്ചായത്തിന്റെ തെറ്റായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.

# 3-16 പ്രാഥമീകാരോഗ്യകേന്ദ്രത്തിലെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല

നാറാണംമൂഴി പ്രാഥമീകാരോഗ്യകേന്ദ്രത്തിലെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ നാളിതുവരെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല. 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പ്രകാരം സാമ്പത്തിക വർഷാന്ത്യത്തിൽ വാർഷിക വരവ് ചെലവുകൾ കണക്കുകൾ മെമ്പർ സെക്രട്ടറിയായ മെഡിക്കൽ ഓഫീസർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ഇപ്രകാരം വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ മാനേജിംഗ് കമ്മിറ്റി രൂപീകൃതമായതിനുശേഷം നാളിതുവരെയുള്ള കണക്കുകളുടെ ഓഡിറ്റ് കുടിശ്ശികയായിരിക്കുകയാണ്. വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതിന്റെ ആവശ്യകത, ചെയർപേഴ്സണായ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റിന്റെയും മെമ്പർ സെക്രട്ടറിയായ മെഡിക്കൽ ഓഫീസറുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-17 റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വകമാറ്റി

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.34/17 പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 299488 രൂപ വകയിരുത്തി കോളമല ഉന്നത്താനി റോഡ് കോൺക്രീറ്റിംഗിന് പ്രോജക്ട് ആവിഷ്കരിച്ച് പ്രവൃത്തി നടത്തി. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 263065 രൂപ ചെലവഴിച്ചു (ബിൽ നം.3/16-17/30.12.16).

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. കുഴികൾ നികത്തുക (filling up of potholes), ഉപരിതലം നിരാപ്പാക്കുക (re-surfacing), ഓടകൾ നിർമ്മിക്കുക (construction of drains), വശങ്ങളിൽ ഭിത്തികെട്ടി ശക്തിപ്പെടുത്തുക (strengthening of embankment) മുതലായ ആവശ്യങ്ങൾക്കുമാത്രമേ പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കാൻ പാടുള്ളൂ.

തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറികിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തതിന് ശേഷമായിരിക്കണം മെയിന്റനൻസ്ഗ്രാന്റ് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ (സർക്കുലർ നം. 68228/എഫ്.എം.1/2012/തസ്വഭവ, തീ. 28.11.12). എന്നാൽ ഇപ്രകാരമുള്ള ഒരു തീരുമാനത്തിന്റെ അഭാവത്തിലാണ് റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ നിർമ്മാണത്തിനായി വകമാറ്റിയത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 263065 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-18 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ – സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ., തീ.11.1.2016 ഖ: 6.15(ix)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 10പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറിക്കിയിട്ടില്ല.

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 13 പ്രോജക്ടുകളിൽ 11 എണ്ണവും നടപ്പിലാക്കിയില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 36.39 ലക്ഷം രൂപ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 13 | 5951596 | 2 | 2313059 | 3638537 | 38.86 |

മുൻവർഷങ്ങളിലെയും സ്ഥിതി വ്യത്യസ്ഥമല്ല. 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആദ്യ രണ്ട് വർഷങ്ങളിൽ മാത്രമാണ് തൃപ്തികരമായ ഫണ്ട് വിനിയോഗം നടന്നിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|---|
| 2012- | 1699921 | 1151182 | 67.72 |

| | | | |
|---|---|---|---|
| 13 | | | |
| 2013-14 | 3042739 | 2394375 | 78.69 |
| 2014-15 | 3803729 | 1867065 | 49.09 |
| 2015-16 | 5039664 | 2111388 | 41.9 |

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-19 തനത് ആസ്തികളുടെ മെയിന്റനൻസിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് സർക്കാർ റോഡിതര മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. റോഡിതര മെയിന്റനൻസ് ഫണ്ട് തനത് ആസ്തികളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. ഓഡിറ്റ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന താഴെപറയുന്ന രണ്ട് മരാമത്ത് പ്രവൃത്തികൾ തനത് ആസ്തികളുടെ മെയിന്റനൻസിനുള്ളവയായിരുന്നു.

| പ്രോ.നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നം., തീ. |
|---|---|---|---|---|
| 16/17 | പഞ്ചായത്ത് മാർക്കറ്റ് വെയ്റ്റിംഗ് ഷെഡ് കക്കൂസ് നിർമ്മാണം (കൺവീനർ - ശ്രീ കെ.എം. എബ്രഹാം) | 300000 | 217299 | 1/16-17, 9.9.16 |
| 29/17 | രണ്ടാം വാർഡിൽ പൊതു കിണർ മെയിന്റനൻസ്* | 176000 | 0 | |

* സ്പിൽഓവറായി നടപ്പിലാക്കിയിട്ടുണ്ട്.

പഞ്ചായത്ത് മാർക്കറ്റിലെ വെയിറ്റിംഗ് ഷെഡ്, ടോയ്‌ലറ്റ് മുതലായവയുടെ മെയിന്റനൻസിനുവേണ്ടി നടപ്പിലാക്കിയ പ്രവൃത്തിയുടെ ഭാഗമായി പഞ്ചായത്ത് ബസ് സ്റ്റാന്റിലെ വെയിറ്റിംഗ് ഷെഡിന്റെ കേടായ GI ഷീറ്റ് മാറ്റി പകരം അലൂമിനിയം ഷീറ്റ് മേയലും മറ്റ് അനുബന്ധ പ്രവൃത്തികളുമാണ് നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഇനം 1 പ്രകാരം നിലവിലുള്ള കേടായ ഷീറ്റുകൾ പൊളിച്ചുമാറ്റുന്നതിന് 2690 രൂപ നൽകിയിട്ടുണ്ട് (34.96m2 @76.97/m2=2690.87). എന്നാൽ പൊളിച്ചുമാറ്റിയ GI ഷീറ്റുകളുടെ വിനിയോഗത്തിന്റെ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇവയുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തനത് ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് തൻവർഷം ചെലവഴിച്ച 217299 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-20 എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെ വാർഷിക പദ്ധതിയിൽ മരാമത്ത്

# പ്രവൃത്തികൾക്ക് തുക വകയിരുത്തി - 31 ലക്ഷം രൂപയുടെ വിനിയോഗം തടസ്സപ്പെട്ടു

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, സാങ്കേതികാനുമതി സമ്പാദിക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ തൻവർഷം പദ്ധതി നിർവ്വഹണത്തിന് ലഭ്യമായിരുന്ന 3101144 രൂപ വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./ വർഷം (പുതിയ പ്രോജക്ട് നം.) | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ട് ഇനം |
|---|---|---|---|---|
| 1 | 69/17 | അടിച്ചിപ്പുഴ ട്രൈബൽ ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിന് റൂഫിംഗ് | 192402 | റോഡിതരം |
| 2 | 82/2016 (92/17) | ചപ്പാത്ത് വലിയപതാൽ റോഡ് കോൺക്രീറ്റിംഗ് | 100000 | റോഡ് മെയിന്റനൻസ് |
| 3 | 101/16 (93/17) | മലയിൽപടി പൗവ്വത്ത് മണ്ണിൽ പടി റോഡ് കോൺക്രീറ്റിംഗ് | 50000 | റോഡ് മെയിന്റനൻസ് |
| 4 | 109/16 (94/17) | ചാലുങ്കൽപടി-മുരുപ്പേൽ പടി ഡി.ആർ.കെട്ട് | 200000 | ടി.എസ്.പി. |
| 5 | 79/15 (95/17) | ഫാമിലി വെൽഫയർ സെന്റർ കെട്ടിടം മെയിന്റനൻസ് | 1048614 | റോഡിതരം |
| 6 | 160/16 (96/17) | അറക്കമൺ എൽ.പി.എസ്. മെയിന്റനൻസ് | 200000 | റോഡിതരം |
| 7 | 161/16 (97/17) | ഓഫീസ് അറ്റകുറ്റപ്പണി | 25000 | പ്രത്യേകഗ്രാന്റ് |
| 8 | 162/16 (98/17) | കൃഷി ഓഫീസ്, കാർഷിക പരിശീലന കേന്ദ്രം എന്നിവയുടെ അറ്റകുറ്റപ്പണി | 400000 | റോഡിതരം |
| 9 | 172/16 (99/17) | അടിച്ചിപ്പുഴ വിജ്ഞാനകേന്ദ്രം ചുറ്റുമതിൽ, ഗേറ്റ് നിർമ്മാണം | 234319 | എസ്.സി.പി. |
| 10 | 186/16 (102/17) | കുടമുരുട്ടി അങ്കണവാടി മെയിന്റനൻസ് | 150000 | റോഡിതരം |
| 11 | 192/16 (103/17) | ചെമ്പനോലി അങ്കണവാടി കെട്ടിടം മെയിന്റനൻസ് | 200000 | റോഡിതരം |
| 12 | 196/16 (104/17) | തോമ്പിക്കണ്ടം ഫാമിലി വെൽഫയർ സെന്റർ മെയിന്റനൻസ് | 136000 | റോഡിതരം |
| 13 | 199/16 (106/17) | ഉന്നത്താനി ലക്ഷംവീട് കോളനി നടപ്പാത കോൺക്രീറ്റിംഗ് | 52815 | ലോകബാങ്ക് |

| | | | | |
|---|---|---|---|---|
| 14 | 200/16<br>(107/17) | കുടമുരുട്ടി അംബേദ്കർ റോഡ് മെയിന്റനൻസ് | 111994 | റോഡ് മെയിന്റൻസ് ഗ്രാന്റ് |
| | | ആകെ | 3101144 | |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം, പ്രോജക്ട് തയ്യാറാക്കുന്നതിനോടൊപ്പംതന്നെ എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണം. വിശദമായ എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ് എന്നിവയും ആവശ്യമായ സംഗതികളിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും പ്രോജക്ടിനോടൊപ്പം ഉണ്ടായിരിക്കണം. വിശദമായ എസ്റ്റിമേറ്റ് ഇല്ലാത്ത പ്രോജക്ടിന് അംഗീകാരം നൽകാൻ പാടില്ല [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ, തീ.11.01.2016 ഖ.6.15(xiii)(ബി)]. സർക്കാർ ഉത്തരവിന് വിരുദ്ധമായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെ മരാമത്ത് പ്രവൃത്തികൾക്ക് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയതിനാൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാമായിരുന്ന 31 ലക്ഷം രൂപ ചെലവഴിക്കാനാവാതെ ലാപ്സാകാനിടയായി. ഇത് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ലക്ഷ്യബോധമില്ലാതെ പ്രോജക്ടുകൾ ആവിഷ്കരിച്ച് തുക വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക് ലഭ്യമാക്കിയില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഫയലുകൾ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ഏജൻസി | ഡെപ്പോസിറ്റ് തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 152/17 | കരിങ്കുറ്റിപടി - സെന്റ് വിൻസെന്റ് കത്തോലിക്ക പള്ളി പടി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 350000 | 15/16-17<br>31.03.17 |
| 2 | 153/17 | കുറന്തോട്ടി പടി - ഇലവുങ്കൽപടി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 400000 | 14/16-17<br>31.03.17 |
| 3 | 154/17 | കൊച്ചുകുളം ഇലവുങ്കൽപടി കൊടിത്തോപ്പ്പടി കുടിവെള്ള പൈപ്പ് ലൈൻ | വാട്ടർ അതോറിറ്റി | 50000 | 16/16-17<br>31.03.17 |
| | | ആകെ | | 800000 | |

ടി പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി ചെലവുകളുടെ സാധുത ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെടാനായിട്ടില്ല. ചെലവ് തുക 8 ലക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-22 ചെമ്പനോലി അങ്കണവാടി കെട്ടിടം മെയിന്റനൻസ് - ഗുണഭോക്തൃസമിതി കൺവീനർ പണിനടത്തിയില്ല

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.S0192/16 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 200000 രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണ് ചെമ്പനോലി അങ്കണവാടി കെട്ടിടം മെയിന്റനൻസ്. ഗുണഭോക്തൃസമിതി മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. പ്രവൃത്തിയുടെ കൺവീനർ ശ്രീ. ജോസി കെ. ജോസ്, കരോട്ട്പാറയിൽ, ചെമ്പനോലി 15.03.17-ൽ ഗ്രാമപഞ്ചായത്തുമായി കരാർ വച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട് (എഗ്രിമെന്റ് നം.25/16-17/AE/LSGD/NRM). എന്നാൽ ഓഡിറ്റ് തീയതിവരെ കൺവീനർ പ്രവൃത്തി ആരംഭിച്ചിട്ടില്ല. എഗ്രിമെന്റ് പ്രകാരം 31.03.17-നകം പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കേണ്ടതായിരുന്നു. യഥാസമയം പ്രവൃത്തി നടത്തുന്നതിന് വീഴ്ചവരുത്തിയ കൺവീനർമാർക്കെതിരെ അസി.എഞ്ചിനീയർ യാതൊരു നടപടികളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തി നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-23 ഗ്രാമപഞ്ചായത്ത് വാഹനം - ലോഗ് ബുക്ക് സൂക്ഷിക്കുന്നതിലും, ഇന്ധന ഉപഭോഗത്തിലും അപാകത

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നത് ശരിയായ രീതിയിലല്ല. ഓരോ മാസത്തെ ഇന്ധനഉപഭോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് അതത് മാസത്തെ അവസാന ദിവസം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരുന്നില്ല. വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതും ക്രമപ്രകാരമല്ല. ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ എല്ലായ്പ്പോഴും 50 ലിറ്റർ ഇന്ധനം നിറയ്ക്കുന്നതായാണ് ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ടത്. ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം കൃത്യമായി 550 കിലോമീറ്ററുകളുടെ ഇടവേളകളിൽ ഇന്ധനം നിറയ്ക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകളുടെ കൃത്യതയില്ലായ്മയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ പരിപാലനം 30.06.2007-ലെ ജി.ഒ.(എം.എസ്.)170/07 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമായിരിക്കുന്നതിന് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

# 3-24 നിഷ്ക്രിയ ആസ്തികൾ

ആസ്തി പരിപാലനത്തിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല. പൊതു ഖജനാവിൽനിന്നും വൻതുക മുടക്ക് ആർജ്ജിച്ച പല ആസ്തികളും നിഷ്ക്രീയമായി കിടക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>എ) കരിക്കുളം ട്രൈബൽ കോളനി കമ്മ്യൂണിറ്റി ഹാൾ</u>

പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും 24.12.2013-ൽ കോർപ്പസ് ഫണ്ട് ഇനത്തിൽ ലഭിച്ച 14.37 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ ഉപയോഗപ്പെടുത്തുന്നില്ല. കെട്ടിടത്തിന് പ്ലംബിംഗും, വയറിംഗും നടത്തുകയോ, ടോയ് ലറ്റ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. കെട്ടിട പരിസരം കാടുമൂടി കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.


കമ്മ്യൂണിറ്റി ഹാൾ

<u>എ) കാർഷിക പരിശീലന കേന്ദ്രം</u>

ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ കൃഷിഭവൻ/മൃഗാശുപത്രി പരിസരത്ത് കാർഷിക പരിശീലന കേന്ദ്രം എന്ന പേരിൽ 17.97 ലക്ഷം രൂപ മുടക്കി ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 223510 |
| 2012-13 | 721490 |
| 2013-14 | 623896 |
| 2014-15 | 227847 |
| ആകെ | 1796743 |

ഉല്പാദന മേഖലയിൽ ചെലവഴിക്കേണ്ട വികസന ഫണ്ടിൽനിന്നും 879901 രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 916842 രൂപയും ചെലവഴിച്ചാണ് കെട്ടിടം പണിതിരിക്കുന്നത്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് വ്യവസ്ഥയില്ല. മെയിന്റനൻസ് ഗ്രാന്റ് ക്രമവിരുദ്ധമായാണ് ഈ ആവശ്യത്തിനായി വകമാറ്റിയിട്ടുള്ളത്. എന്ത് ഉദ്ദേശ്യത്തിനാണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളത് അതിനായി നാളിതുവരെ ഉപയോഗിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഒരു മുറിയിൽ ഇപ്പോൾ ഹോമിയോ ആശുപത്രി പ്രവർത്തിക്കുകയാണ്. ഹാളും അനുബന്ധ സൗകര്യങ്ങളും ഉപയോഗ ശൂന്യമായി കിടക്കുകയാണ്.

**ബി) പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം**

പ്രാഥമീകാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ 19.7 ലക്ഷം രൂപ ചെലവഴിച്ച് ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2014-15 | 995870 |
| 2016-17 | 974607 |
| ആകെ | 1970477 |

കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ജോലികൾ എന്നിവ പൂർത്തിയാക്കുകയോ കെട്ടിടം ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല.



ഉപയോഗ ശൂന്യമായി കിടക്കുന്ന പി.എച്ച്.സി. അനുബന്ധ കെട്ടിടം

**സി) ആറാട്ടുമൺ അങ്കണവാടി (നം.105)**

105-ാം നമ്പർ അങ്കണവാടി കെട്ടിടം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. 10 വർഷം മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ സമീപത്തായി കുളവും, പിൻഭാഗത്ത് കൈത്തോടും ഉണ്ട്. അങ്കണവാടിയ്ക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ കുട്ടികളുടെ സുരക്ഷയേ കരുതി കെട്ടിടം ഉപയോഗിക്കാതെ ഉപേക്ഷിച്ചിരിക്കുകയാണ്. പൊതു ഖജനാവിൽനിന്നും കെട്ടിടം നിർമ്മിക്കുന്നതിന് ചെലവഴിച്ച ലക്ഷങ്ങൾ പാഴായ അവസ്ഥയിലാണ്.

# 3-25 നിലവിലില്ലാത്ത ലൈറ്റുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു; പഞ്ചായത്ത് ഫണ്ടിന് പ്രതിവർഷ നഷ്ടം രൂപ

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് പ്രതിമാസം 65902 രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കുവരുത്തിയിരുന്നത്. വൈദ്യുതി ചാർജ്ജിൽ 41 ശതമാനവും ഓർഡിനറി ബൾബുകളുടെ താരിഫാണ്. കെ.എസ്.ഇ.ബി-യുടെ കണക്ക് പ്രകാരം 388 40W ബൾബുകളും, 35 60W ബൾബുകളുമാണ് ഉള്ളത്. ഇതിന് പ്രതിമാസം 26958 രൂപയാണ് കെ.എസ്.ഇ.ബി. വൈദ്യുതിചാർജ്ജ് ഈടാക്കുന്നത്. എന്നാൽ ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് തെളിക്കുന്നതിന് നിലവിൽ ഓർഡിനറി

ബൾബുകൾ ഉപയോഗിക്കുന്നില്ലെന്ന് വ്യക്തമായിട്ടുണ്ട്. ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വർഷങ്ങളായി തെരുവ് വിളക്കിന്റെ ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങി ഉപയോഗിച്ചിട്ടില്ലെന്ന് കണ്ടു. ഓഡിറ്റ് വർഷവും തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇതിലൊന്നും ഓർഡിനറി ബൾബുകൾ ഉൾപ്പെട്ടിട്ടില്ലെന്ന് കണ്ടു. ഈ സാഹചര്യത്തിൽ നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്കാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്ന് വ്യക്തമായിരിക്കുകയാണ്. പഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള നഷ്ടം 323496 രൂപയാണ്. കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകളുടെ താരിഫ് ഒഴിവാക്കുന്നതിനും വൈദ്യുതി ചാർജ്ജിൽ അതനുസരിച്ച് കുറവ് വരുത്തുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് ഓഡിറ്റ് വർഷം 190800 രൂപ കെ.എസ്.ഇ.ബി-യിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-26 പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ലൈബ്രറി കൌൺസിസിൽ ഒടുക്കിയില്ല

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക യഥാസമയം ലൈബ്രറി കൗൺസിലിൽ ഒടുക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തെ തുകയായ 140495 രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും, 2-ാം ഗഡു നവംബർ 30-നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് 20.09.05-ലെ 10088/എൽ.3/05/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കുടിശ്ശിക തുക എത്രയും വേഗം ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-27 നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എഞ്ചിനീയർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ എന്നിവരുടെ പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടുകളിൽ ഓഡിറ്റ് തീയതിയിൽ ഗണ്യമായ തുക അവശേഷിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥ/ൻ | അക്കൗണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|
| അസി.സെക്രട്ടറി | 24429 |
| സെക്രട്ടറി | 168795 |
| വെറ്ററിനറി സർജൻ | 109600 |
| അസി.എഞ്ചിനീയർ | 26967 |
| ആയുർവേദ മെഡിക്കൽ ഓഫീസർ, അടിച്ചിപ്പുഴ | 197 |

| | |
|---|---|
| വി.ഇ.ഒ. | 504 |

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(പി)177/2006/ധന.തീ. 12.04.06] നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ബില്ലുകൾ വഴി പിൻവലിക്കുന്ന തുകകൾ പദ്ധതി നിർവ്വഹണ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഉടൻ തന്നെ ഡി.ഡി. വാങ്ങി ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുകയും വേണം. ഡി.ഡി.വാങ്ങാനുള്ള തുകയല്ലാതെ മറ്റു തുകകൾ ഈ അക്കൗണ്ടിൽ നിക്ഷേപിക്കരുത്. ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കണം. ദേശസാൽകൃത ബാങ്കിൽ അടച്ച തുകയുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും വേണം.

ട്രഷറിയിൽനിന്നും മാറി ബാങ്കിൽ അടച്ച തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് തുകയുടെ നിജസ്ഥിതി ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-28 കുടുംബശ്രീ മിഷനിൽനിന്നും ലഭിച്ച കാർഷിക ഉപകരണങ്ങൾ പ്രയോജന പ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽനിന്നും 2013-14ൽ 49023 രൂപ വിലവരുന്ന കാർഷിക യന്ത്രോപകരണങ്ങൾ ലഭിച്ചിരുന്നു. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്. ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. ലഭിച്ച ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | Tree Pruner | 1 | 14500 | 14500 |
| 2 | Knapsack Sprayer 9 ltr | 3 | 4050 | 12150 |
| 3 | Mini Tiller 3HP | 1 | 18571 | 18571 |
| 4 | Little Sprayer 8 Litre | 1 | 790 | 790 |
| 5 | Garden Rake | 1 | 160 | 160 |
| 6 | Manvetti | 2 | 380 | 760 |
| 7 | Koonthali | 2 | 416 | 832 |
| 8 | Pick Axe | 4 | 315 | 1260 |
| | TOTAL | | | 49023 |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വളരെയേറെ പ്രയോജനപ്പെടുമായിരുന്ന ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത്. സി.ഡി.എസ്. അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. കുടുംബശ്രീ മിഷൻ വിഭാവനം ചെയ്തിരുന്നപോലെയുള്ള കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-29 തുടർ സാക്ഷരത – ജില്ലാ മിഷനിൽനിന്ന് തിരികെ ലഭിക്കാനുള്ളത് 40146 രൂപ

ഗ്രാമപഞ്ചായത്തിലെ രണ്ട് തുടർ വിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക സാക്ഷരതാ മിഷനിൽനിന്ന് തിരികെ ലഭിച്ചിട്ടില്ല. 40146രൂപയാണ് ഇപ്രകാരം ക്രമീകരിക്കാനവശേഷിക്കുന്നതെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. ടി തുക ജില്ലാ മിഷനിൽനിന്ന് ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-30 ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഫുഡ് ടെസ്റ്റിംഗ് ലാബിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ കീഴിലുള്ള 22 അംഗൻവാടികളിലൂടെ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്.

# 3-31 അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും, മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അംഗൻവാടികൾ സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് 22.03.2011-ലെ 31055/ഡി.സി./2011 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു. അംഗൻവാടികളുടെ 2016-17 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ഈ കാലയളവിൽ അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പാലിക്കേണ്ടതാണ്.

# 3-32 യഥാസമയം വെള്ളക്കരം ഒടുക്കുന്നില്ല; പിഴപ്പലിശ ഇനത്തിൽ പഞ്ചായത്തിനു അധിക ബാധ്യത

വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം പഞ്ചായത്തിൽ നിലവിൽ 153 ടാപ്പുകളാണുള്ളത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. അതിനാൽ നിലവിൽ വെള്ളക്കരം അടവാക്കുന്ന എല്ലാ ടാപ്പുകളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കാനാകുന്നില്ല.

തനത് വരുമാനത്തിന്റെ കുറവു മൂലം വെള്ളക്കരം കൃത്യമായി ഒടുക്കാത്തതിനാൽ ഫൈൻ തുക കൂടിവരുന്നതിനാൽ യഥാർത്ഥ ഡിമാൻഡിനേക്കാൾ കൂടുതൽ തുക ഒടുക്കേണ്ടി വരുന്നു. 2016-17 സാമ്പത്തിക വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1294781രൂപ വെള്ളക്കരം അടവാക്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. പത്തനംതിട്ട വാട്ടർ അതോറിറ്റിയിൽ നിന്നും 16.02.2017 ൽ ലഭിച്ച ബിൽ പ്രകാരം 1387142 രൂപയാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കാനുള്ളത്.ഇതിൽ 25423 രൂപ പലിശയും 66938 രൂപ തൻമാസ ഡിമാന്റുമാണ്. 31.12.2016 വരെയുള്ള വെള്ളക്കരമായ 1294781 രൂപയാണ് അടവാക്കിയിരിക്കുന്നത്. മാസംതോറും വെള്ളക്കരം അടവാക്കാത്തതിനാൽ പിഴപ്പലിശയിനത്തിൽ വൻതുക ബാധ്യതയായി നിലനിൽക്കുന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്തിന്റെ വികസന

പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുക ഇത്തരത്തിൽ ചെലവാകുന്നത് ഒഴിവാക്കേണ്ടതാണ്. വെള്ളക്കരം യഥാസമയം അടച്ച് പിഴപ്പലിശ ഒഴിവാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കി അവയ്ക്ക്മാത്രം വെള്ളക്കരം അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയതായി ഗാർഹിക കണക്ഷനുകൾ അനുവദിക്കാനും അതുവഴി പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കാനുമുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# 3-33 മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

2016-17സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന വാങ്ങുന്നതിനായി സർക്കാർ ഏജൻസികളിൽ പണം മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | പണം അടവാക്കിയ ഏജൻസി/ സ്ഥാപനം | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ (S018/2017) | KMSCL | 300000 | – | 300000 |
| 2 | പി.എച്ച്.സി.-യ്ക്ക് മരുന്ന് (S019/2017) | KMSCL | 250000 | 220000 | 30000 |
| 3 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | ഹോംകോ | 100000 | – | 100000 |
| 4 | അടിച്ചിപ്പുഴ ട്രൈബൽ ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം.S068/2017) | ഔഷധി | 250000 | 170205 | 79795 |
| 5 | കുടമുരുട്ടി ട്രൈബൽ ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം.S067/2017) | ഔഷധി | 300000 | 197651 | 102349 |

മരുന്നുകൾ ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-34 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച് രണ്ട് ദശാബ്ദങ്ങൾ പിന്നിട്ടിട്ടും നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ 22 അങ്കണവാടികളാണുള്ളത്. ഇവയിൽ 3 എണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത് (105-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം ഉണ്ടെങ്കിലും ഉപയോഗപ്പെടുത്തുന്നില്ല). മൂന്ന് അങ്കണവാടികളിൽ ടോയ്ലറ്റ് ഇല്ല. പത്ത് അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ളമുള്ളത്. പന്ത്രണ്ട് അങ്കണവാടികൾക്ക് വൈദ്യുതി ഇല്ല. അഞ്ച് അങ്കണവാടികൾക്ക് ഇപ്പോഴും ഗ്യാസ് കണക്ഷൻ ലഭ്യമായിട്ടില്ല. നാല് അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാണെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. 116-ാം നമ്പർ അങ്കണവാടിയ്ക്ക് 5 സെന്റ് സ്ഥലം ലഭിച്ചിട്ടുണ്ട്. മൂന്ന് വർഷം മുമ്പ് ഇതിന് കെട്ടിടം നിർമ്മിക്കുന്നതിന് എസ്.റ്റി. ഡവലപ്പ്മെന്റ് വകുപ്പിൽനിന്നും 18 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും പണിനടത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. 117-ാം നമ്പർ അങ്കണവാടിയ്ക്ക് അങ്കണവാടി വർക്കർ ഒരു വർഷം മുമ്പ് സ്ഥലം നൽകിയെങ്കിലും പഞ്ചായത്തിന്റെ പേരിൽകൂട്ടാത്തതിനാൽ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ സാധിക്കാത്ത സ്ഥിതിയിലാണ്.

ചുരുക്കത്തിൽ ശിശുസംരക്ഷണ മേഖലയെ പഞ്ചായത്ത് പൂർണ്ണമായും അവഗണിക്കുകയാണ്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട മേഖലകൾ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ആശുപത്രികൾ, അങ്കണവാടികൾ, സ്കൂളുകൾ മുതലായ സേവനപ്രദാന

സംവിധാനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ മുൻഗണന നൽകണം.

അങ്കണവാടികളുടെ ശോച്യാവസ്ഥ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പഞ്ചായത്ത് മുന്തിയ പരിഗണന നൽകേണ്ടതാണ്.

# 3-35 പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ച കോർപ്പസ് ഫണ്ട് വിനിയോഗിച്ചില്ല

മുൻവർഷങ്ങളിൽ പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും താഴെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച കോർപ്പസ് ഫണ്ട് പൂർണ്ണമായും ചെലവഴിക്കപ്പെട്ടിട്ടില്ല. .

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ലഭിച്ച തുക | ചെലവ് | ഉത്തരവ് നം., തീ. |
|---|---|---|---|---|
| 1 | ചുള്ളനാവയൽ എസ്.റ്റി. കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 1800000 | ഇല്ല | ട്രൈബൽ ഡവ. ഓഫീസർ, റാന്നിയുടെ<br>ഡി.946/14(1), തീ. 24.11.14 നമ്പർ ഉത്തരവ് |
| 2 | കരികുളം കോളനി എസ്.റ്റി.കമ്മ്യൂണിറ്റി ഹാൾ | 2599075 | 1436539 | ട്രൈബൽ ഡവ. ഓഫീസർ, റാന്നിയുടെ<br>ഡി.634/13(1), തീ. 24.12.13 നമ്പർ ഉത്തരവ് |

നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാതിരിക്കുന്നത് എസ്റ്റിമേറ്റ് ചെലവ് വർദ്ധിക്കുന്നതിന് ഇടയാക്കുന്നതാണ്. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സർക്കാർ അനുവദിച്ച ഗ്രാന്റ് തുക സമയബന്ധിതമായി ചെലവഴിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രവൃത്തികൾ എത്രയും വേഗം നടപ്പിലാക്കി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-36 പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന മറ്റിനം ഫണ്ടുകൾ

മുൻവർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി കേന്ദ്ര/സംസ്ഥാന സർക്കാർ, മറ്റ് സർക്കാർ ഏജൻസികൾ എന്നിവയിൽനിന്നും പഞ്ചായത്തിന് ലഭിച്ച തുക ആ ആവശ്യങ്ങൾക്കായി വിനിയോഗിക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഇട്ട് വകമാറ്റി ചെലവഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം ഓഡിറ്റ് വർഷാന്ത്യത്തിൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഇനം ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തനത് ഫണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|
| ആശ്രയ | 464903 |
| അനുപൂരക പോഷകാഹാരം (SNP) - കേന്ദ്രവിഹിതം | 483488 |
| ഒ.ഡി.എഫ്. - റീഇംബേഴ്സ് ചെയ്ത തുക | 375425 |
| വിമുക്തി (2015-16-ൽ | 25000 |

| | |
|---|---|
| ലഭിച്ചത്) | |
| ശുചിത്വമിഷൻ ഫണ്ട് | 130000 |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 146321 |

അഗതി ആശ്രയ പദ്ധതിയ്ക്കായി ലഭിച്ച തുക ആശ്രയ പദ്ധതിക്കായുള്ള അക്കൗണ്ടിലേക്ക് വകമാറ്റി നൽകാതെ പഞ്ചായത്ത് ഫണ്ടിലിട്ട് വകമാറ്റി ചെലവഴിക്കുന്നത് അപലപനീയമാണ്. അനുപൂരക പോഷകാഹാര പദ്ധതിയ്ക്കുള്ള കേന്ദ്രവിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനു പകരം തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ആശ്രയ ഫണ്ട് ആശ്രയ അക്കൗണ്ടിലേക്ക് വകമാറ്റി ഒടുക്കേണ്ടതാണ്. അനുപൂരക പോഷകാഹാര പദ്ധതിയ്ക്കുള്ള കേന്ദ്രഫണ്ട് നിക്ഷേപിക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ട് തുറക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾ ആ ആവശ്യത്തിനായി തന്നെ വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| KSEB | നാറാണംമൂഴി പി.എച്ച്.സി പരിസരത്ത് ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 20400 | തുക ചെലവഴിച്ചില്ല |
| KSEB | ഉണ്ടുപാലയ്ക്കൽപ്പടി പോസ്റ്റ് മാറ്റൽ | 15198 | -ടി- |
| KSEB | ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 53461 | -ടി- |
| KSEB | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 190800 | -ടി- |
| KWA | കൊച്ചുകുളം ഇലവുങ്കൽപ്പടി കൊടിതോപ്പ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | -ടി- |
| KWA | കുറുന്തോട്ടിപ്പടി - ഇലവുങ്കൽപ്പടി കൊടിതോപ്പ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 | -ടി- |

# 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

# 4-3 മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ചതും പണി പൂർത്തിയാക്കിയിട്ടില്ലാത്തതുമായ പ്രവൃത്തികൾ

| പ്രവൃത്തിയുടെ പേര് | വർഷം | മൊബലൈസേഷൻ അഡ്വാൻസ് | കൺവീനർ/ കരാറുകാരന്റെ പേര് | പ്രവൃത്തി നടത്തിയതിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | | |
| ചെമ്പനോലി അങ്കണവാടി മെയിന്റനൻസ് | 2015-16 | ഇല്ല | കൺവീനർ - ജോബി കെ.ജോസ്, കരോട്ടുപാറയിൽ, വെച്ചൂച്ചിറ | പ്രവൃത്തി നടത്തിയില്ല |

# 4-4 വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

**(ii) വായ്പ തിരിച്ചടവിന്റെ വിവരം**

| വായ്പയുടെ ഉദ്ദേശ്യം | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 10560500 | 240893 | 240893 | ഇല്ല | ഇല്ല |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 49969936 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44089981 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 299611 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3406600 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 115855 | ശ്രീ.പി.കെ.ജയൻ, സെക്രട്ടറി |
| 3-4 | 44560 | ശ്രീ.സി.എസ് നാസർ, സെക്രട്ടറി |
| 3-5 | 66833 | ശ്രീമതി ഉഷ സി.കെ., അസി.എഞ്ചിനീയർ |
| 3-9 | 22363 | ശ്രീ. ബിനുകുമാർ റ്റി., വി.ഇ.ഒ. |
| 3-12 | 50000 | ശ്രീ.ബിനുകുമാർ റ്റി, വി.ഇ.ഒ |
| ആകെ | 299611 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 310730 | ശ്രീ.പി.കെ.ജയൻ, സെക്രട്ടറി |
| 3-2 | 1348974 | ശ്രീമതി ഉഷ സി.കെ., അസി.എഞ്ചിനീയർ |
| 3-3 | 28600 | ശ്രീ.എം.സറ്റീഫൻ, അസി.സെക്രട്ടറി |
| 3-4 | 99390 | ശ്രീ.സി.എസ് നാസർ, സെക്രട്ടറി |
| 3-6 | 312242 | ശ്രീ.സി.എസ് നാസർ, സെക്രട്ടറി |
| 3-7 | 26300 | ഡോ.മഹിമ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-17 | 263065 | ശ്രീമതി ഉഷ സി.കെ., അസി.എഞ്ചിനീയർ |
| 3-19 | 217299 | ശ്രീമതി ഉഷ സി.കെ., അസി.എഞ്ചിനീയർ |
| 3-20 | 800000 | ശ്രീ.പി.കെ.ജയൻ, സെക്രട്ടറി |
| **ആകെ** | **3406600** | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിനുകുമാർ.റ്റി, വി.ഇ.ഒ. | വി.ഇ.ഒ, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | ശ്രീകല മന്ദിരം, നല്ലില പി.ഒ, കോട്ടയം 691515 |
| ശ്രീ.പി.കെ.ജയൻ, സെക്രട്ടറി | സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | പുലിക്കല്ലുപുറത്ത്, ചാലാപ്പള്ളി പി.ഒ., എഴുമറ്റൂർ പിൻ - 689 586 |
| ശ്രീ.സി.എസ് നാസർ, സെക്രട്ടറി | സെക്രട്ടറി, പെരുവന്താനം ഗ്രാമപഞ്ചായത്ത് | പുഴപ്പിൽ വീട്, പെരുവന്താനം പി.ഒ., ഇടുക്കി |
| ശ്രീമതി ഉഷ സി.കെ., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നാറാണംമൂഴി ഗ്രാമപ്പഞ്ചായത്ത് | മൈലംമൂട്ടിൽ, ഇലവുംതിട്ട പി.ഒ., പത്തനംതിട്ട |
| ഡോ. മഹിമ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി, നാറാണംമൂഴി | വടക്കേപ്പുറത്ത്, തീയാടിക്കൽ പി.ഒ., കുമ്പളത്താനം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 (ജനകീയാസൂത്രണം) | നം.എൽ.എഫ്.പി.റ്റി.എ.പി.4/147/06 തീ.30.6.06 |
| 2001-02 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/318/04 തീ.15.10.04 |
| 2001-02 വരവ് | നം.എൽ.എഫ്.പി.റ്റി.എ.പി8/135/12, തീ. 03.03.12 |
| 2002-03 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.8/136/12 തീ.3.3.12 |
| 2002-03 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/208/07 |

| | |
|---|---|
| | തീ.14.3.07 |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/773/08 തീ.6.10.09 |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/774/08 തീ.6.10.09 |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/1103/11 തീ.5.1.12 |
| 2006-07 | നംഎൽ.എഫ്.പി.റ്റി.എ.പി.8/1104/11 തീ.5.1.12 |
| 2007-08 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1105/11 തീ.2.1.12 |
| 2008-09 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1106/11 തീ.2.1.12 |
| 2009-10 to 2011-12 | നം.എൽ.എഫ്.പി.റ്റി.എ.പി.6-66/13 തീ.12.2.14 |
| 2012-13 | നം.എൽ.എഫ്.പി.റ്റി.എ. പി.6-158/15 തീ.13.3.15 |
| 2013-14 & 2014-15 | നം.കെ എസ് എ പിറ്റിഎ പി6/3/2016 തീ.16.01.2016 |
| 2013-14 & 2014-15 | നം.കെ എസ് എ പിറ്റിഎ പി6/3/2016 തീ.16.01.2016 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1280/2016, തീ. 05.12.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബീബ് മുഹമ്മദ്**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure AUDIT CERTIFICATE

No.K.S.A.PTA.P6-1180/2017 Dated : 28.10.2017

Certified that I have examined the Annual Financial Statement of **Naranamoozhy Grama Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Naranamoozhy Grama Panchayat** for the year 2016-17 except the observations in the para of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി61180/2017 തീയതി : 28.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഹബീബ് മുഹമ്മദ്**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**